# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം നവംബർ 2021 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



## മാതാവിനോടുള്ള പ്രാർത്ഥന....

**മാലാഖായിൽനിന്നു മംഗലവാർത്ത ശ്രവിച്ചതോടെ
“ഇതാ ഞാൻ കർത്താവിന്റെ ദാസി” എന്നു പ്രത്യുത്തരിക്കുകയും
വചനമായവനെ ഹൃദയത്തിൽ സംവഹിക്കുകയും ചെയ്ത
പരി. മറിയമേ, പരിശുദ്ധ കുർബാനയിൽ ഞങ്ങൾ ശ്രവിക്കുന്ന
തിരുവചനത്തെ സന്തോഷത്തോടെ സ്വീകരിക്കുവാൻ
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.**



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 മംഗളവാർത്ത ലക്കം നവംബർ 2021

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തൂപുരയിടം A.O.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് മുതുപ്ലാക്കൽ A.O.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
ഡോ. അനു കുരിശുംമൂട്ടിൽ A.O.
ജിസ കൂട്ടിയാനിക്കൽ A.O.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
ജെനി കഴുന്നടിയിൽ A.O.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
അനിത ആത്രശ്ശേരിയിൽ A.O.

കവർ ഡിസൈനിംഗ് & ലേഔട്ട്
ജെ.എസ്. ഗ്രാഫിക്സ്

വാർഷിക വരിസംഖ്യ ₹100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com

## ഉള്ളടക്കം


- സൂബാറ-യൽദാ കാലം 5
- പരിശുദ്ധ കുർബാനയും സഭാജീവിതവും 8
- ദൈവത്തിന്റെ കയ്യൊപ്പുകൾ 10
- മുറിവേറ്റവനെ ശുശ്രൂഷിക്കാനുള്ള ഉൾവിളി 12
- ബാറക്ക് 14
- സെനക്കിൾ തരംഗം 17
- ഭൂമിയെ സ്വർഗ്ഗമാക്കുന്നവർ 18
- അമ്മ പഠിപ്പിച്ച നാലു കാര്യങ്ങൾ 20
- നിസ്സാരതയിൽ വിശുദ്ധി കണ്ടെത്തിയവൻ 24
- മരുഭൂമിയെ വിളനിലമാക്കാം 26
- പൈലിയുടെ വിലാപം 28
- അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ 30

# പ്രതീക്ഷയുടെ മംഗളവാർത്ത

പ്രതീക്ഷയുടെ പുത്തൻ തിരിനാളവുമായി വീണ്ടുമൊരു പുതുവത്സരം കൂടി ആഗതമായി. മംഗളവാർത്തക്കാലത്തിലൂടെ ആരാധനാക്രമവത്സരത്തിൽ നാം പുത്തനാണ്ടിലേക്കു പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ കുർബാനയുടെ പുതിയ ക്രമത്തോടുകൂടിയാണ് നാം ഈ പുതുവത്സരത്തിലേക്കു ചുവടുവയ്ക്കുക. കഴിഞ്ഞുപോയതിലേക്കു നന്ദിയോടും പശ്ചാത്താപത്തോടും ഭാവിയെ പ്രത്യാശയോടും ഉറ്റുനോക്കാനുള്ള അവസരമാണ് ഓരോ പുതുവർഷപ്പിറവിയും.

ഇസ്രായേൽ ജനതയുടെ നൂറ്റാണ്ടുകളായുള്ള പ്രതീക്ഷയും പ്രാർത്ഥനയും ഫലമണിഞ്ഞ നിമിഷമായിരുന്നു മറിയത്തിനു ലഭിച്ച മംഗളവാർത്ത. സ്നാപകയോഹന്നാനെ കണ്ട ജനം ഇവൻ തന്നെയോ മിശിഹാ എന്നു സംശയിക്കുന്നതായി സുവിശേഷകന്മാർ സൂചിപ്പിക്കുന്നുണ്ട്. ഈശോയോടു ജനം നേരിട്ട് ഇങ്ങനെ ചോദിക്കുന്നുണ്ട്: "വരാനിരിക്കുന്നവൻ നീ തന്നെയോ? അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ?" സ്നാപകയോഹന്നാൻ അസന്നിഗ്ദ്ധമായി 'ഞാനല്ല മിശിഹാ' എന്നു പ്രസ്താവിച്ചതിനെ സ്വീകരിച്ച ജനം പക്ഷേ ഈശോയെ മിശിഹായായി അംഗീകരിക്കാൻ കൂട്ടാക്കിയില്ല. പ്രതീക്ഷയോടെയിരുന്ന ജനമല്ല, മനുഷ്യരുടെ അടിമത്തത്തിലായിരുന്ന മിണ്ടാപ്രാണികളാണ് ദൈവപുത്രനു പിറക്കാൻ മന്നിലിടം കൊടുത്തതെന്നതു ചരിത്രം!

ആഗ്രഹിച്ചതൊക്കെ തന്ന ദൈവികസാന്നിദ്ധ്യത്തെ സംശയിച്ച സഖറിയായുടെ അനുഭവം നമുക്കൊരു പാഠമാകട്ടെ. അപ്രതീക്ഷിതമായി ലഭിച്ച മനസ്സിലാക്കാനാവാത്ത അനുഭവത്തെ മംഗളവാർത്തയായി സ്വീകരിച്ച മറിയവും സ്വപ്നത്തിലെ അരുളപ്പാടുകൾ ശുഭസൂചകമല്ലെങ്കിലും ദൈവം ആഗ്രഹിച്ച വഴിയേ മുന്നോട്ടുപോകാനും സ്നേഹിച്ചവരെ വേദനിപ്പിക്കാതിരിക്കാനും വലിയ മനസ്സുകാണിച്ച യൗസേപ്പിതാവും നമുക്കു മാതൃകയാകണം. മുന്നറിയിപ്പില്ലാതെ മുന്നിലെത്തിയ മറിയത്തിന്റെ ഉദരത്തിലെ ശിശു ദൈവപുത്രനാണെന്നു തിരിച്ചറിഞ്ഞ് ദൈവമഹത്ത്വത്തെ പ്രകീർത്തിച്ച ഏലീശ്വാപുണ്യവതി നമ്മുടെ ധ്യാനവിഷയമാകട്ടെ. തങ്ങളെ വീണ്ടെടുക്കാൻ വന്നവനു ജനിക്കാനും മരിക്കാനും മന്നിലിടം നൽകാതെ തിരസ്കരിച്ച ഇസ്രായേൽ ജനതയുടെ ചരിത്രം നമ്മിലൂടെ ആവർത്തിക്കാതിരിക്കട്ടെ.

അനുദിനം മംഗളവാർത്ത ലഭിക്കുന്നുണ്ട് നമുക്കോരോരുത്തർക്കും, തിരിച്ചറിയണം നാം. നന്മ തന്നെയായ ദൈവം നന്മയല്ലാതെ ഒന്നും നമുക്കു നൽകില്ല. "സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏല്പിച്ചു തന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നല്കാതിരിക്കുമോ?" (റോമാ ൮,൩൨). ആകയാൽ സമ്പത്തോ പ്രൗഢിയോ വിജ്ഞാനമോ പാരമ്പര്യമോ ഒന്നും ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താതിരിക്കട്ടെ. ആഗതമാകുന്ന പിറവിത്തിരുനാളിന്റെ മംഗളാശംസകൾ!!!

**ചീഫ് എഡിറ്റർ**



# സൂബാറ- യൽദാ കാലം

**റവ. സി. ഫ്രാൻസിൻ ചാലയ്ക്കൽ എസ്.ഡി.**

ആരാധനക്രമ ആത്മീയജീവിതത്തിന്റെ പുതിയ ഒരു വത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ദൈവകൃപകളോടു സഹകരിച്ച് നവചൈതന്യം പ്രാപിക്കാൻ സഭാമാതാവ് നമ്മെ അനുസ്യൂതം ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ആ നല്ല അമ്മയുടെ മടിയിലിരുന്നുകൊണ്ട് 'സൂബാറ-യൽദാ' അതായത്, മംഗളവാർത്ത-പിറവിക്കാലത്തിന്റെ ചൈതന്യം നമുക്കൊരിക്കൽക്കൂടി ധ്യാനിക്കാം.

പൗരസ്ത്യസുറിയാനിപാരമ്പര്യമനുസരിച്ച് 'സൂബാറ-യൽദാ' കാലം ആരംഭിക്കുന്നത് നവംബർ 27നും ഡിസംബർ 3നും ഇടയിൽവരുന്ന ഞായറാഴ്ചയാണ്. ഇപ്രകാരം 'യൽദാ' അതായത് ഈശോയുടെ പിറവിത്തിരുനാളിനു മുമ്പ് നാല് ഞായറാഴ്ചയും, ശേഷം രണ്ട് ഞായറാഴ്ചയും ആണ് ഈ കാലത്തുള്ളത്. എന്നാൽ ഈശോയുടെ പിറവിത്തിരുനാൾ (ഡിസംബർ 25) തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ആണെങ്കിൽ ഈ കാലത്തിന് അഞ്ച് ഞായറാഴ്ചയേ ഉണ്ടായിരിക്കുകയുള്ളൂ. കാരണം ജനുവരി 6 ന് ദനഹാത്തിരുനാളിനോടുകൂടി ദനഹാക്കാലം ആരംഭിക്കും.

മംഗളവാർത്തക്കാലം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? "ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ മിശിഹാ ജനിച്ചിരിക്കുന്നു". ഈശോയുടെ മനുഷ്യാവതാരമാണ് മംഗളവാർത്താക്കാലത്തിന്റെ കേന്ദ്രബിന്ദു. തലമുറകൾ കാത്തിരുന്നു നേടിയ വാഗ്ദാനപൂർത്തീകരണത്തിൽ ആനന്ദിച്ച് ദൈവത്തെ പ്രകീർത്തിക്കുന്ന പുതിയ ഇസ്രായേലായ സഭയെയാണ് നാം മംഗളവാർത്തക്കാലത്ത് കണ്ടുമുട്ടുന്നത്. ഈ കാലത്തെ നമ്മുടെ യാമപ്രാർത്ഥനകളിലെ ഗീതങ്ങളും പ്രാർത്ഥനകളും വിശുദ്ധ ഗ്രന്ഥവായനകളുമെല്ലാം ഈ കാലത്തിന്റെ ചൈതന്യം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ ആവിഷ്കരണമാണ് ഈശോയുടെ മനുഷ്യാവതാരം. "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ദൈവത്തെ പിതാവ് എന്ന് വിളിക്കാനുള്ള അവകാശം നമുക്കു നല്കപ്പെട്ടത് പുത്രന്റെ മനുഷ്യാവതാരത്തിലൂടെയാണ്. ഈശോമിശിഹായുടെ പിറവിയിൽ ആനന്ദിക്കുമ്പോൾ, അവർണ്ണനീയമായ ദൈവസ്നേഹത്തെ - തുറക്കപ്പെട്ട രക്ഷയുടെ പാതയെ നോക്കി ആഹ്ളാദിക്കുമ്പോൾ ഈ കാലഘട്ടം നമ്മെ മറ്റു ചില കാര്യങ്ങൾ കൂടി ഓർമ്മപ്പെടുത്തുന്നുണ്ട്: ''കർത്താവിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണ്" (വിലാ 3,23). "അവൻ ആൽഫയും ഒമേഗയുമാണ്; ആദിയും അന്തവും"... എന്നും പുതുതായ സ്നേഹത്തോടെ എന്റെയും നിന്റെയും ഉള്ളിൽ വസിക്കുന്ന 'എമ്മാനുവേൽ'... ദൈവപുത്രനെ ഹൃദയത്തിൽ സ്വീകരിച്ചു കഴിഞ്ഞവർക്കൊക്കെ പുത്രതുല്യമായ ജീവിതം നയിക്കാൻ കടമയുണ്ട് എന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രത്യേകമായി മംഗളവാർത്തക്കാലത്തെ ഞായറാഴ്ചകളിലെ സുവിശേഷവായനകളിലേക്ക് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാം. സന്തോഷത്തിന്റെ, സദ്വാർത്തകളുടെ ഒരു പെരുമഴക്കാലമാണ് നാമിവിടെ ദർശിക്കുന്നത്.

*ഒന്നാം ഞായർ*: സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.

*രണ്ടാം ഞായർ*: ഈശോയുടെ ജനനത്തെക്കുറിച്ചു മറിയത്തിനു ലഭിക്കുന്ന മംഗളവാർത്ത.

*മൂന്നാം ഞായർ*: സ്നാപകയോഹന്നാന്റെ ജനനം.

നാലാം ഞായർ: ഈശോയുടെ ജനനത്തെക്കുറിച്ച് യൗസേപ്പിനു ലഭിക്കുന്ന സ്വപ്നസന്ദേശം.

പിറവിത്തിരുനാളിനു ശേഷം വരുന്ന അഞ്ചും ആറും ഞായറാഴ്ചകളിൽ ജ്ഞാനികളുടെ സന്ദർശനവും ഈശോയുടെ ദേവാലയ സമർപ്പണവും യഥാക്രമം നാം ധ്യാനവിഷയമാക്കുന്നു. ഇവിടെയെല്ലാം നമുക്കു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. മനുഷ്യന്റെ അഹന്തയും അത്യാഗ്രഹവുംമൂലം നഷ്ടപ്പെട്ടുപോയതെല്ലാം വീണ്ടെടുക്കാൻ താഴ്മയോടെ ദൈവസന്നിധിൽ നിലകൊണ്ട, കാത്തിരിക്കാൻ മനസ്സുണ്ടായിരുന്ന ഒരു ചെറുസമൂഹമുണ്ട് - 'അനവിം യാഹ്‌വേ'. 'യഹോവയുടെ ഈ പാവപ്പെട്ടവർ' തങ്ങളെത്തന്നെ താഴ്ത്തിയപ്പോൾ ദൈവം അവരെ ഉയർത്തി. സഖറിയായും മറിയവുമൊക്കെ അറിയിക്കപ്പെട്ട സന്ദേശം മൗനമായി ധ്യാനിച്ചു. ശക്തനായവനെ വിശ്വസിക്കാനും ആശ്രയിക്കാനും അവിടുത്തെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച് മനനം ചെയ്യുവാനും സന്നദ്ധമായപ്പോൾ വചനം മാംസം ധരിച്ചു. വളരെ പ്രവാചകന്മാരും നീതിമാന്മാരും കാണുവാനും കേൾക്കുവാനും ആഗ്രഹിച്ച കാര്യം -ബുദ്ധിമാൻന്മാരിൽനിന്നും വിവേകികളിൽനിന്നും മറച്ചുവച്ച ദൈവികരഹസ്യം - വിനീതഹൃദയർക്ക് വെളിപ്പെടുത്തപ്പെടും.

മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യനായി ജനിച്ച മഹാത്ഭുതമാണ് നാമിവിടെ ദർശിക്കുന്നത്. മിശിഹായുടെ മനുഷ്യാവതാരത്തെയും കന്യകാജനനത്തെയുംകുറിച്ചുള്ള അത്ഭുതം; ആദ്യപാപംമൂലം അടയ്ക്കപ്പെട്ട പറുദീസ തുറന്നുകിട്ടിയതിന്റെ, നഷ്ടപ്പെട്ടുപോയ പ്രകാശത്തിന്റെ വസ്ത്രം തിരികെ ലഭിച്ചതിന്റെ, ദൈവത്തെ പിതാവ് എന്നു വിളിക്കാനുള്ള അവകാശം ലഭിച്ചതിന്റെ ആനന്ദം - ഇത്തരുണത്തിൽ ആത്മനിർവൃതിയിലായിരിക്കുന്ന സഭാമാതാവ് ഈ ആനന്ദാനുഭവം സ്വായത്തമാക്കാൻ നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുകയാണ്.

ഈശോയുടെ പിറവിത്തിരുനാൾമുതൽ ദനഹാത്തിരുനാൾ വരെയുള്ള പിറവിക്കാലത്ത് ഈശോയുടെ രഹസ്യജീവിതത്തെ പ്രത്യേ

കമാംവിധം നാം ധ്യാനവിഷയമാക്കുന്നു. തിരുവചനം ഇപ്രകാരമാണ്: "അവൻ നസ്രത്തിൽ പോയി അവർക്ക് വിധേയനായി ജീവിച്ചു". ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നുവന്ന, പിതാവിന്റെ ഹിതം നിറവേറ്റാനുള്ള തീക്ഷ്ണത ഉള്ളിൽ ജ്വലിച്ചുകൊണ്ടിരുന്ന, മനുഷ്യരായ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ദൈവപുത്രനെ ധ്യാനിച്ച് അവന്റെ മനോഭാവങ്ങളോട് താദാത്മ്യപ്പെടുവാനുള്ള ഒരു ക്ഷണവും ഈ കാലം നമുക്ക് വച്ചുനീട്ടുന്നുണ്ട്.

ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയുമായ പരിശുദ്ധ മറിയത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന കാലമാണ് മംഗളവാർത്തക്കാലം. മെയ്മാസവണക്കവും, ജപമാലമാസവും നാം ഭക്തിപൂർവ്വം അനുഷ്ഠിക്കുന്നതുപോലെ, അതിലുമുപരി പ്രാധാന്യത്തോടെ പരിശുദ്ധ അമ്മയെ അനുസ്മരിക്കാൻ ഏറ്റവും അനുയോജ്യമായ കാലമാണ് മംഗളവാർത്തക്കാലം. മംഗളവാർത്ത സന്ദേശം ഏറ്റുപറഞ്ഞ് മറിയത്തെ പ്രകീർത്തിക്കുന്ന ഒരുപാട് ഗീതങ്ങളും പ്രാർത്ഥനകളും ഈ കാലത്തെ നമ്മുടെ യാമപ്രാർത്ഥനകളിലുണ്ട്. ആദിമനൂറ്റാണ്ടു മുതൽ സുറിയാനിസഭാപിതാക്കന്മാർ മറിയത്തെ പ്രകീർത്തിച്ചുകൊണ്ട് ഉരുവിട്ടിരുന്ന ഒരു ഗീതത്തിന്റെ ഈരടികൾ ഇപ്രകാരമാണ്:

"കൃപനിറഞ്ഞ സ്ത്രീയേ നിനക്ക് സ്വസ്തി
സൃഷ്ടവസ്തുക്കളുടെ രക്ഷകന്റെ അമ്മേ സ്വസ്തി
ദൈവത്തിന്റെ പുത്രനായ വചനത്തെ സംവഹിക്കുവാൻ
അർഹത ലഭിച്ചവളേ സ്വസ്തി
പ്രവചനങ്ങളെല്ലാം എത്തിച്ചേർന്ന തുറമുഖമേ സ്വസ്തി"

ഹവ്വായുടെ അനുസരണക്കേടിനാൽ കടന്നുവന്ന അന്ധകാരം മറിയത്തിന്റെ അനുസരണത്താൽ അകന്നുപോയി. പ്രകാശത്തിന്റെ ഒരു പുതുയുഗം പിറന്നു. ഹവ്വാവഴി ആദം പാപത്തിന് അടിമയായപ്പോൾ രണ്ടാം ഹവ്വായായ മറിയംവഴി ആദം മിശിഹായിൽ നവീകരിക്കപ്പെട്ടു. കന്യകയും അമ്മയുമായവൾ എന്ന അത്ഭുതവിശേഷണത്താൽ മറിയത്തിന്റെ നിത്യകന്യാത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ദൈവത്തിനൊന്നും അസാദ്ധ്യമല്ല എന്ന് സഭ ഏറ്റുപറയുന്ന കാലമാണ് മംഗളവാർത്തകാലം.

"മണ്ണും ജലവും കൂടാതൊരുനാൾ
അഹറോൻതൻവടി
തളിരിട്ടതുപോലീമന്നിൽ
ദൈവാത്മാവിന്നാവാസത്താൽ
കന്യാമറിയം മാതൃത്വത്തിൻ മുടിചൂടി"

(ഓനീസാ ദ്മൗത്വാ, ബുധൻ)

- ✯ ദൈവത്തിൽ ആശ്രയിക്കുവാൻ
- ✯ പൂർത്തിയാക്കപ്പെട്ട ദൈവികവാഗ്ദാനത്തിൽ ആനന്ദിക്കുവാൻ
- ✯ തിരുവചനം ധ്യാനിച്ച് രക്ഷയുടെ ഫലം അനുഭവിക്കുവാൻ
- ✯ ദൈവകൃപയിൽ വളർന്ന് രക്ഷ കൈമാറുന്നവരായി മാറുവാൻ
- ✯ വിശ്വാസത്തിൽ പക്വത പ്രാപിച്ച്, സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ
- ✯ പ്രത്യാശാപൂർവ്വം ദൈവമഹത്വം പ്രഘോഷിക്കുവാനും ജീവിക്കുവാനും

ഇതാ, ആത്മീയജീവിതത്തിൽ ഒരു പുതുവത്സരം നമുക്ക് മുന്നിൽ തുറക്കപ്പെടുന്നു. നന്ദിയോടെ പ്രതീക്ഷയോടെ, വിശ്വാസജീവിതം ആഴപ്പെടുത്തുവാനുള്ള ദൃഢനിശ്ചയത്തോടെ സൂബാറ-യൽദാ കാലത്തിലേക്ക് നമുക്ക് പ്രവേശിക്കാം.




# പരിശുദ്ധ കുർബ്ബാനയും സഭാജീവിതവും

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**ഈ**ശോയുടെ ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ടവരെല്ലാം സാർവ്വത്രികസഭാജീവിതത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. 'സഭ' (എക്ലേസിയാ) എന്ന വാക്കിന്റെ മൂലാർത്ഥം 'വിളിക്കപ്പെട്ടവരുടെ സമൂഹം' എന്നാണ്. ലോകത്തിലുള്ള സകലജനതകളും ഈ ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകുവിൻ" (മത്താ 28,19-20). അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ചവരെല്ലാവരും സാർവ്വത്രികസഭാംഗത്വത്തിലേക്ക് വിളിക്കപ്പെട്ടവരാണ്. സഭയുടെ അടിസ്ഥാനസവിശേഷതകളിൽ ഒന്ന് 'കാതോലികത' അഥവാ 'സാർവ്വത്രികത'യാണല്ലോ.

### പത്രോസ്: സാർവ്വത്രികസഭാതലവൻ

മിശിഹായുടെ ഉത്ഥാനത്തിനുശേഷം നടന്ന അത്ഭുതകരമായ മീൻപിടുത്തം (യോഹ 21,1-14) പത്രോസ്ശ്ലീഹായെ സാർവ്വത്രികസഭയുടെ തലവനായി അവതരിപ്പിക്കുന്ന ഒരടയാളമാണ്. പത്രോസിന്റെ നേതൃത്വത്തിലാണല്ലോ ശ്ലീഹന്മാരെയെല്ലാം പ്രതിനിധീകരിക്കുന്ന ഏഴു ശിഷ്യന്മാർ മീൻപിടിക്കാൻ പോകുന്നത്. രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ വലയുന്ന ശിഷ്യന്മാർക്ക് ഈശോ പ്രത്യക്ഷപ്പെട്ട് അത്ഭുതകരമായി വലനിറയെ മീൻപിടിക്കാൻ ഇടയാക്കിയത് പത്രോസിന്റെ വിളിയിൽ നല്കിയ വാഗ്ദാനത്തിന്റെ നിറവേറലാണ്: "ഈശോ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മർക്കോ 1,17). പത്രോസിന്റെ നേതൃത്വത്തിൽ, മിശിഹായുടെ കല്പനപ്രകാരം വലയിറക്കിയപ്പോൾ കിട്ടിയ മത്സ്യങ്ങളുടെ എണ്ണം നൂറ്റിയമ്പത്തിമൂന്ന് ആയിരുന്നു: "ഉടനെ ശിമയോൻ പത്രോസ് വള്ളത്തിൽ

കയറി, വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയ മ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു. ഇത്രയ ധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല" (യോഹ 21,11).

## മത്സ്യങ്ങളുടെ എണ്ണം

നൂറ്റിയമ്പത്തിമൂന്നു മത്സ്യങ്ങൾ പത്രോസിന്റെ വലയിലുണ്ടായിരുന്നു എന്നത് പ്രതീകാത്മകമാണെന്നു സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ജറോം പറയുന്നതിപ്രകാരമാണ്; കടലിൽ നൂറ്റിയമ്പത്തിമൂന്നു തരം മത്സ്യങ്ങളാണുള്ളത്. അതുകൊണ്ട് ഈ സംഖ്യ പ്രതീകാത്മകമാണ്. കാലത്തിന്റെ പൂർണ്ണതയിൽ എല്ലാ ജനതകളും ഈശോയുടെ ശിഷ്യത്വത്തിലേക്കു കടന്നുവന്ന് പത്രോസിന്റെ നേതൃത്വത്തിലുള്ള സാർവ്വത്രികസഭയുടെ അംഗങ്ങളായിത്തീരും. ഈ സാക്ഷ്യം തികച്ചും അർത്ഥവത്താണ്. മറ്റു പതിനൊന്നു പേരോടുമൊപ്പം പത്രോസ്ശ്ലീഹാ നടത്തിയ സുവിശേഷപ്രഘോഷണത്തിലൂടെയാണല്ലോ സഭ ജന്മം കൊണ്ടത് (ശ്ലീഹ 2,14-42). ആ സഭ കാലാന്തരത്തിൽ ലോകത്തിലെ എല്ലാ ജനതകളെയും ഉൾക്കൊള്ളുന്ന സമൂഹമായി മാറുമെന്നുള്ള തിനു സംശയമൊന്നുമില്ല. അതിന്റെ ഒരടയാളമായി ഈ അത്ഭുതത്തെ നമുക്കു മനസ്സിലാക്കാം.

## പരിശുദ്ധ കുർബാനയിലൂടെ വളരുന്ന സഭ


പരിശുദ്ധ കുർബാനയാണ് സഭയെ നിർമ്മിക്കുന്നതെന്നുള്ളത് സഭയുടെ ഔദ്യോഗിക പ്രബോധനമാണ്. ഈ സന്ദർഭത്തിൽ ഈശോ ശിഷ്യന്മാർക്കായി ഒരുക്കിയ പ്രാതൽ പരിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നതാണ്. ഉത്ഥിതനായ മിശിഹാ തന്റെ ശിഷ്യസമൂഹത്തിനായി, സഭയ്ക്കായി, ഒരുക്കുന്ന കുർബാനയെന്ന വിരുന്നിനെയാണ് ഈ പ്രാതൽ പ്രതിനിധീകരിക്കുന്നത്. അതുകൊണ്ട് പത്രോസിന്റെ നേതൃത്വത്തിലും ശ്ലൈഹികശുശ്രൂഷയിലും കരുപ്പിടിപ്പിക്കപ്പെടുന്ന സാർവ്വത്രികസഭയുടെ കുർബാനാനുഭവത്തെയാണ് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നത്: "ഈശോ പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യന്മാരിലാരും അവനോടു നീ ആരാണ് എന്നു ചോദിക്കാൻ മുതിർന്നില്ല. അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. ഈശോ വന്ന് അപ്പം അവർക്കു കൊടുത്തു. അതുപോലെ തന്നെ മത്സ്യവും" (യോഹ 21,13) എന്ന വാക്കുകൾ ഇത് സൂചിപ്പിക്കുന്നുണ്ട്. ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ടിരിക്കുന്ന സഭ മൂലക്കല്ലായ മിശിഹായോടൊപ്പം പരിശുദ്ധ കുർബാനയിലൂടെ പണിയപ്പെട്ടുകൊണ്ടിരിക്കുന്നതിനെയാണ് ഈ സുവിശേഷഭാഗം അനുസ്മരിപ്പിക്കുന്നത്.

## കുർബാന: സഭയുടെ ഉറവിടവും മകുടവും

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണ് പരിശുദ്ധ കുർബാനയെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ പഠിപ്പിക്കുന്നുണ്ട് (തിരുസഭ 11). വിശ്വാസികളുടെ സമൂഹത്തിന്റെ കേന്ദ്രമാണ് പരിശുദ്ധ കുർബാന (വൈദികർ 5). സഭയുടെ ജീവിതത്തിന്റെ ഉറവിടവും ഭാവിമഹത്ത്വത്തിന്റെ അച്ചാരവുമാണത് (സഭൈക്യം 15). സഭ, സഭയായി രൂപംകൊള്ളുന്നതുതന്നെ പരിശുദ്ധ കുർബാനയുടെ ആഘോഷവേളയിലാണ്: "നിങ്ങൾ സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെയിടയിൽ ഭിന്നിപ്പുകളുണ്ടെന്നു ഞാൻ കേൾക്കുന്നു" (1 കൊറി 11,18) എന്നു പൗലോസ്ശ്ലീഹാ പറയുന്നു. 'അപ്പംമുറിക്കലി'നായി സമ്മേളിച്ചിരുന്ന സമൂഹത്തെയാണ് 'സഭയായി സമ്മേളിക്കുമ്പോൾ' എന്നു പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്. കുർബാനയർപ്പണത്തിലൂടെയാണ് സഭയായി ക്രിസ്തീയസമൂഹം പണിയപ്പെടുന്നതെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഈശോ ശിഷ്യന്മാരോടൊപ്പം ഉത്ഥാനശേഷം പ്രാതൽ പങ്കിട്ടനുഭവിക്കുന്ന സംഭവം തീർച്ചയായും ഇതുതന്നെയാണ് സൂചിപ്പിക്കുന്നതെന്നതിനു സംശയമില്ല. അതുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണം നമ്മുടെ സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ തക്കവിധം നടത്തുവാൻ നമുക്കു സാധിക്കണം.

പിതൃമൊഴി

# ദൈവത്തിന്റെ കയ്യൊപ്പുകൾ



**മെർലിറ്റ് അഞ്ചാനിക്കൽ, എ.ഒ.**

*"നമ്മുടെ സൗമ്യമായ ഇടപെടലുകൾക്ക്, ചെറിയ ശുശ്രൂഷ കൾക്ക്, ഒരു പുഞ്ചിരി സമ്മാനിക്കുക, സംഭാഷണത്തിന് ആദ്യം തുടക്കം കുറിക്കുക, ഇങ്ങനെ നിസ്സാരമെന്നു കരുതുന്ന സ്നേഹത്തിന്റെ പ്രവൃത്തികൾക്ക് ലോകത്തെ സൗഖ്യമാക്കാൻ കഴിയും"*

(ദൈവദാസൻ വില്യം ജക്വീൻതാ)

ഇന്ന് ലോകത്തിനു സുഖമില്ല. കോവിഡ്-19 ന്റെ നീരാളിക്കൈകൾ കശക്കിയെറിഞ്ഞ ലക്ഷക്കണക്കിനു ജീവിതങ്ങൾ. ദാരിദ്ര്യവും മാറാവ്യാധികളുംമൂലം ദുരിതമനുഭവിക്കുന്നവരുടെ നിലവിളികൾ... യുദ്ധവും തീവ്രവാദവും തകർത്തുകളയുന്ന സാഹോദര്യകൂട്ടായ്മയുടെയും സമാധാനത്തിന്റെയും അന്തരീക്ഷം... വിശപ്പടക്കാൻ വഴികാണാതെ സ്വന്തം കുഞ്ഞുങ്ങളെപ്പോലും മനുഷ്യത്വം മരവിച്ചവർക്ക് വിൽക്കേണ്ടി വരുന്ന മാതാപിതാക്കൾ... ദൈവത്തിന്റെ പേരിൽ, ദൈവച്ഛായ പേറുന്ന മനുഷ്യനെ കുരുതി കഴിക്കുന്ന തീവ്രമതാത്മകതയുടെ ഉപാസകർ... ഇങ്ങനെ നീളുന്നു രോഗാതുരമായ ലോകത്തിന്റെ നാൾവഴികൾ.

ദൈവം വളരെ കൃത്യതയോടും ക്രമത്തോടുംകൂടിയാണ് സൃഷ്ടികർമ്മം നിർവ്വഹിച്ചതെന്ന് വിശുദ്ധ ഗ്രന്ഥത്തിൽനിന്നു നമുക്ക് മനസ്സിലാക്കാം. എന്നാൽ ദൈവിക സംവിധാനങ്ങളെ തള്ളിക്കളഞ്ഞ് ക്രമരഹിതമായ, താളം തെററിയ ജീവിത സംവിധാനങ്ങളെ അംഗീകരിക്കുന്ന സമൂഹമായി ലോകം മാറിയിരിക്കുന്നു. മനുഷ്യനെ മനുഷ്യനായി അംഗീകരിക്കാത്ത, അവന്റെ അവകാശങ്ങൾക്കും ആഗ്രഹങ്ങൾക്കും വില കല്പിക്കാത്ത സ്നേഹനിരാസത്തിന്റെ ചക്രവാളങ്ങളിൽ സ്വയം പറന്നു നടക്കാനാണ് സ്വാർത്ഥത മനുഷ്യനെ പ്രേരിപ്പിക്കുന്നത്. അടുത്തു നിൽക്കുന്നവന്റെ വിയർപ്പിന്റെ ഗന്ധം അവന്റെ വിശപ്പിന്റെ വിളിയാണെന്നു തിരിച്ചറിയുന്ന, പാവപ്പെട്ടവന്റെ

കണ്ണുകളിലെ ദൈന്യതയും പറയാതെ പറയുന്ന അവന്റെ ആവശ്യങ്ങളുടെ കണക്കെഴുത്തും വായിച്ചറിയുന്ന, ദൈവത്തിന്റെ കയ്യൊപ്പുള്ള ഹൃദയം സ്വന്തമാക്കിയ മനുഷ്യരാകാൻ നമുക്കു കഴിയുമ്പോഴാണ് വ്രണപ്പെട്ട ഹൃദയങ്ങളെയും ജീവിതങ്ങളെയും സ്നേഹത്തിന്റെ തൈലംകൊണ്ട് സുഖമാക്കുവാൻ നമുക്കു സാധിക്കുക.

ഈശോമിശിഹായുടെ മനുഷ്യാവതാരത്തെ അനുസ്മരിക്കുന്ന ഈ മംഗളവാർത്തക്കാലത്തിൽ നമ്മുടെ മുമ്പിൽകൂടി കടന്നുപോകുന്ന ഓരോ മനുഷ്യനും ദൈവത്തെത്തന്നെയാണ് ദൃശ്യമാക്കുന്നത് എന്നതു വിസ്മരിക്കാതിരിക്കാം. അവരുടെ ജീവിതാവസ്ഥകളും അകത്തളങ്ങളിലേക്കു കടന്നുചെല്ലാൻ സാധിക്കാത്ത എല്ലാ മനോഭാവങ്ങളും ദൈവസ്നേഹത്തിന്റെ തീച്ചൂളയിൽ സംസ്കരിച്ചെടുത്ത് ദൈവികജ്വാല പകർന്ന് ദൈവത്തോളമുയരുന്നവരായി മാറുക എന്നതാണ് ജീവിതത്തിന്റെ ധന്യത. ദുഃഖപർവ്വങ്ങളുടെ കനൽക്കാടുകളിൽ തണലേകുന്ന നന്മമരങ്ങളായിരിക്കുക എത്രയോ ശ്രേഷ്ഠമാണ്!! നമുക്കു ചുറ്റുമുള്ളവർ ദൈവം നമ്മിൽ ചൊരിഞ്ഞിരിക്കുന്ന കൃപയുടെ അവകാശികളാണ് എന്ന ഉദാത്തമായ കാഴ്ചപ്പാട് നമുക്കുണ്ടാകണം. അങ്ങനെയാകുമ്പോൾ ആരും നമുക്ക് അന്യരല്ലാതാകും. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ, സങ്കടങ്ങളിൽ എല്ലാം നിലാവെളിച്ചംപോലെ പൊതിയുന്ന സ്നേഹത്തിന്റെ കിരണങ്ങൾ നമ്മിൽനിന്നും പ്രസരിക്കുവാൻ നമ്മെത്തന്നെ അനുവദിക്കണം.

അകലെയാകാതെ അരികിൽ ചേർത്തു നിർത്തുന്ന, കരുതലിന്റെ പ്രാതലൊരുക്കി കാത്തിരിക്കുന്ന ഈശോയുടെ സ്നേഹത്തിന്റെ സ്പർശം മനുഷ്യകുലത്തിനു നൽകുവാൻ സാധിച്ചാൽ ഈ ലോകം സുഖമാകും, യുദ്ധങ്ങളില്ലാതാകും, സ്പർദ്ധകളവസാനിക്കും. ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന നന്മയുടെ വെളിച്ചത്തിൽ സഹജീവികളോടൊപ്പം ബഹുദൂരം സഞ്ചരിക്കുവാൻ നമുക്കു കഴിയട്ടെ. മതാത്മകജീവിതം മനുഷ്യനന്മയ്ക്കാണ് എന്ന കാര്യം മറക്കാതിരിക്കാം. സ്നേഹമുള്ളിടത്ത് ദൈവമുണ്ട്; ദൈവം വസിക്കുന്നിടത്ത് സമാധാനവും സന്തോഷവും സുഖവുമുണ്ട്. മനുഷ്യവംശം ഇന്നുനേരിടുന്ന പ്രതിബന്ധങ്ങളുടെ കനൽവഴികളിൽ കരിഞ്ഞുപോകാതെ 'ലോകം മുഴുവൻ സുഖം പകരണേ' എന്നു നമുക്കു തീക്ഷ്ണമായി പ്രാർത്ഥിക്കാം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# മുറിവേറ്റവനെ




# ശുശ്രൂഷിക്കുവാനുള്ള ഉൾവിളി


**റവ. ഡോ. തോമസ് വടക്കേൽ**
പാലാ രൂപത


**ഫ്ര**ത്തേല്ലി തൂത്തിയുടെ മൂന്നാം അദ്ധ്യായത്തിലും നല്ല സമറിയാക്കാരന്റെ ഉപമയുടെ (ലൂക്കാ 10,25-37) വിവിധ മാനങ്ങൾ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നുണ്ട്. ഇന്നത്തെ ലോകത്തിന്റെ വ്യഗ്രത സ്വന്തം കാര്യങ്ങളുടെ സംരക്ഷണവും സ്വന്തം ജോലികളുടെ നിർവ്വഹണവും സമൂഹത്തിലെ സ്വന്തം പദവികളും മാത്രമാണ്. മുറിവേറ്റ് വഴിയിൽക്കിടക്കുന്ന മനുഷ്യന്റെ അരികിൽക്കൂടി പോകുമ്പോൾപോലും രക്തം വാർന്നവനെ സഹായിക്കാനോ അവന് 'നല്ല അയൽക്കാരനായി' വർത്തിക്കുവാനോ ഉള്ള ഉൾവിളി ശ്രദ്ധിക്കുന്നില്ല.

വഴിയിൽ വീണു കിടക്കുന്നവന് ഇന്നിന്റെ മനുഷ്യൻ പ്രാധാന്യം നൽകുന്നില്ല. സമൂഹത്തിൽ തങ്ങളെത്തന്നെ പ്രധാനപ്പെട്ടവരായി പരിഗണിക്കുന്നവർക്ക് വഴിയരികിൽ മുറിവേറ്റു പുറന്തള്ളപ്പെട്ടു കിടക്കുന്ന വ്യക്തി അപ്രധാനനാണ്. ഒട്ടും പ്രാധാന്യമർഹിക്കാത്തവനായിരുന്നു അദ്ദേഹം. പലർക്കും മുറിവേറ്റു വീണുകിടക്കുന്നവൻ അപ്രസക്തനാണെങ്കിലും മുറിവേറ്റവനെ പ്രധാനപ്പെട്ടവനും പ്രസക്തനുമായി കാണാൻ സാധിച്ചതും, അവനെ ശുശ്രൂഷിക്കാനുള്ള ഉൾവിളി ഉണ്ടായതും 'നല്ല സമറിയാക്കാര'നാണ്. സ്ഥലമോ സമൂഹമോ ഇല്ലാത്ത പരദേശിയായിരുന്ന അവൻ, മേൽവിലാസമോ സ്ഥാനമാനങ്ങളോ ഇല്ലാത്ത അവൻ മുറിവേറ്റവന് 'എല്ലാമെല്ലാം' ആകുകയാണ്.

മറ്റുള്ളവരിൽനിന്നും തങ്ങളെത്തന്നെ വേർതിരിച്ചുകാട്ടുന്ന സ്വത്വത്തോടുകൂടിയ സാമൂഹികകൂട്ടായ്മകളും വ്യക്തികളും നിറഞ്ഞുനിൽക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. തങ്ങളുടെതന്നെ സ്വത്വത്തെയും സ്വമഹിമയെയും സ്വമഹത്ത്വത്തെയും കുറിച്ച് ചിന്തിക്കുന്ന

ലോകത്തിൽ ഒരാൾക്ക് എങ്ങനെയാണ് 'അയൽക്കാരൻ' ആകാൻ സാധിക്കുന്നത്? പലപ്പോഴും 'അയൽക്കാരൻ' എന്ന വാക്കിന്റെ അർത്ഥം നഷ്ടപ്പെടുന്നു. കൂടെ വസിക്കുന്നവർ വെറും 'സഹപ്രവർത്തകർ' മാത്രമാകുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് ഉടലെടുത്തിട്ടുണ്ട്. സ്വമഹത്ത്വം ലഭിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ, ആ ലക്ഷ്യം പ്രാപിക്കുന്നതിൽ സഹകരിക്കുന്നവർ മാത്രമാകുന്നു ഇന്നത്തെ സമൂഹം. 'അയൽക്കാരൻ' ആകേണ്ടവൻ 'സഹപ്രവർത്തകൻ' മാത്രമായി ഒതുങ്ങുന്നു.

'സാഹോദര്യ'ത്തിന്റെ കറയറ്റ ഭാവം നിറയുമ്പോഴാണ് ഒരുവന് 'സഹപ്രവർത്തകൻ' എന്നതിനപ്പുറം 'അയൽക്കാരൻ' ആയിരിക്കുവാൻ സാധിക്കുന്നത്. സാഹോദര്യം ബോധപൂർവ്വം പരിപോഷിപ്പിക്കപ്പെടുമ്പോഴും സാഹോദര്യത്തെക്കുറിച്ച് ബോധവത്കരണം നടത്തപ്പെടുമ്പോഴുമാണ് ഉപരിപ്ലവമായ ചിന്തകൾക്ക് അപ്പുറത്ത് ഒരുവന് 'നല്ല അയൽക്കാരൻ' ആയി വർത്തിക്കുവാൻ സാധിക്കുന്നത്. യഥാർത്ഥ സാഹോദര്യത്തിന്റെ ചിന്തകൾ പുലർത്താത്തവർക്ക് വെറും 'സഹപ്രവർത്തകർ' മാത്രമായി നിലകൊള്ളാനേ കഴിയൂ.

ഓരോ മനുഷ്യവ്യക്തിയുടെയും മൂല്യത്തെ എപ്പോഴും എല്ലായിടത്തും അംഗീകരിക്കേണ്ടതുണ്ട്. സാമ്പത്തികമായി കുറവുള്ള ഇടങ്ങളിൽ ജനിച്ചതുകൊണ്ട് ഒരാൾക്ക് വ്യക്തിമാഹാത്മ്യത്തിൽ കുറവുണ്ടാകുന്നില്ല. വികസനം നേടിയ സ്ഥലങ്ങളിൽ ജനിക്കാനിടയായതുകൊണ്ട് ഒരാളുടെ വ്യക്തിമാഹാത്മ്യത്തിൽ മികവും ഉണ്ടാകുന്നില്ല. ഓരോ മനുഷ്യവ്യക്തിക്കും മാന്യതയും മഹത്ത്വവും മൂല്യവും ഉണ്ട്. മാന്യതയോടുകൂടെ ജീവിക്കുവാനുള്ള, സമ്പൂർണ്ണമായി വികസിക്കാനുള്ള അവന്റെ അവകാശത്തെ ആർക്കും നിഷേധിക്കാനാവില്ല. ഒരാൾ പരിമിതികൾ ഉള്ളവനാണെങ്കിലും അസ്തിത്വത്തിന്റെ അന്തർമൂല്യമുള്ളതിനാൽ അവൻ മാഹാത്മ്യമുള്ളവൻ തന്നെയാണ്. ഈ തത്ത്വം ഉയർത്തിപ്പിടിക്കുമ്പോഴാണ് സാഹോദര്യം വളരുന്നത്.

ജീവിതത്തിൽ അവസരങ്ങൾ കണ്ടെത്താൻ കുറവുള്ള ദുർബലരെയും കഴിവു കുറഞ്ഞവരെയും സഹായിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. 'ദുർബലർക്കുവേണ്ടി നിക്ഷേപം ലാഭകരമല്ല; കാരണം അവർക്ക് കാര്യക്ഷമതയില്ല' എന്ന ചിന്തകൾക്കപ്പുറത്തു വ്യക്തികളെയും പൊതുനന്മയെയും ലക്ഷ്യം വയ്ക്കുന്ന സാഹചര്യങ്ങൾ സംജാതമാകണം. ആരെയും തിരസ്കരിക്കാത്ത, എല്ലാവരെയും സ്വീകരിക്കുന്ന ഒരു വ്യവസ്ഥിതി ഉടലെടുക്കണം. ദുർബലരുടെ കാര്യക്ഷമത പരിമിതമാണെങ്കിലും അവരുടെ വ്യക്തിത്വത്തിലെ അത്യുത്തമമായത് അവർക്ക് നൽകാൻ സാധിക്കും എന്ന ചിന്തയിൽ നിന്നുകൊണ്ടുവേണം എല്ലാവരും പ്രവർത്തിക്കുവാൻ.

മറ്റുള്ളവരുടെ നന്മയ്ക്കായി നമ്മൾ എപ്പോഴും പ്രവർത്തിക്കണം. നന്മ എന്നത് ഒരു ധാർമ്മികമൂല്യമാണ്. ഇത് പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നാണ്. ഗ്രീക്കു ഭാഷയിലെ അഗാത്തോസ്യുനെ (agathosyne) എന്ന പദവും ലത്തീൻ ഭാഷയിലെ ബെനെവൊളെൻസിയ (benevolentia) എന്ന പദവും വിവക്ഷിക്കുന്ന നന്മയുടെ തലങ്ങൾ രൂപപ്പെടണം. നന്മയായിട്ടുള്ളതിനെ തേടാനും നന്മയെ ആഗ്രഹിക്കുവാനും നന്മയായതുകൊണ്ട് മറ്റുള്ളവരുടെ ജീവിതത്തെ നിറയ്ക്കുവാനും എല്ലാവർക്കും സാധിക്കണം.

അപരനോട് നമ്മൾ ഐക്യദാർഢ്യം പ്രകടിപ്പിക്കണം. എല്ലാം ശിഥിലമാകുകയും സ്ഥിരത നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് അപരന്റെ ദുർബലതയ്ക്ക് നമ്മളും കാരണക്കാരാണെന്ന ചിന്തയോടെ അവരോടു നമ്മൾ ഐക്യദാർഢ്യം പുലർത്തണം. മറ്റുള്ളവരോടു കരുതലോടെ വർത്തിക്കുന്നതിലാണ് ഈ ഭാവം നമ്മൾ കൈക്കൊള്ളേണ്ടത്: സുരക്ഷയില്ലാത്തവരോടുള്ള കരുതൽ; അരക്ഷിതാവസ്ഥയിലുള്ളവരോടുള്ള കരുതൽ; ആദർശതലങ്ങളിലെയോ, ആശയതലങ്ങളിലെയോ കരുതൽ എന്നതിലുപരിയായിട്ടു വ്യക്തികളെ നമ്മൾ കരുതേണ്ടതുണ്ട്.



# ബാറക്ക്

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഏഹൂദിനുശേഷം ഇസ്രായേൽജനം കർത്താവിന്റെ മുമ്പിൽ പാപം ചെയ്തപ്പോൾ അവരെ ശത്രുപക്ഷത്തുനിന്ന് വിമോചിപ്പിച്ച ഇസ്രായേലിലെ ഒരു നേതാവായിരുന്നു ബാറക്ക്. അബിനോവിന്റെ മകനാണ് ബാറക്ക്. കാനാൻ രാജാവായ യാബീന്റെ സേനാപതിയായ സിസേറ ഇസ്രായേൽക്കാരെ ഇരുപതു വർഷം ക്രൂരമായി പീഡിപ്പിച്ചു. നൊമ്പരപ്പെട്ട ഇസ്രായേൽ കർത്താവിന്റെ സഹായത്തിനായി നിലവിളിച്ചപേക്ഷിച്ചു. അക്കാലത്ത് ഇസ്രായേലിൽ ന്യായപാലനം നടത്തിയിരുന്ന ഒരു പ്രവാചികയായിരുന്നു ദബോറ. വിധിതീർപ്പുകൾക്കായി അവർ എഫ്രായിം മലനാട്ടിൽ അവളുടെ ഈന്തപ്പനയുടെ കീഴിൽ ഇരിക്കുക പതിവായിരുന്നു. അവൾ ബാറക്കിനെ നഫ്താലിയിലെ കേദെഷിൽനിന്ന് വിളിച്ചുവരുത്തിപ്പറഞ്ഞു. "ഇസ്രായേലിന്റെ ദൈവമായ കർത്താവ് നിന്നോടാജ്ഞാപിക്കുന്നു. നീ നഫ്താലിയുടെയും സെബുലൂണിന്റെയും ഗോത്രങ്ങളിൽനിന്ന് പതിനായിരം പേരെ താബോർമലയിൽ അണിനിരത്തുക. രഥങ്ങളോടും സൈന്യങ്ങളോടുംകൂടെ യാബീന്റെ സേനാപതി സിസേറ കിഷോൻ നദിയുടെ സമീപത്തുവച്ച് നിന്നെ എതിർക്കാൻ ഞാൻ ഇടയാക്കും. ഞാൻ അവനെ നിന്റെ കയ്യിൽ ഏല്പിച്ചുതരും" (ന്യായാ 4,6-7). പ്രവാചികയുടെ വാക്കുകൾ കേട്ട ബാറക്ക് അവളോട് പറഞ്ഞു. "നീ എന്നോടുകൂടെ വന്നാൽ ഞാൻ പോകാം; ഇല്ലെങ്കിൽ, ഞാൻ പോവുകയില്ല. അപ്പോൾ അവൾ പറഞ്ഞു: ഞാൻ തീർച്ചയായും നിന്നോടുകൂടെ പോരാം" (ന്യായാ 4,8-9). പ്രകാശവും പ്രതീക്ഷയും ഇരുൾ ഗ്രസിക്കുമ്പോൾ ഭയം നിറഞ്ഞ മനസ്സിന്റെ ആവലാതിയായിരുന്നോ എന്നുതോന്നും ബാറക്കിന്റെ ഈ സംസാരം. എന്നാൽ തന്റെ സാന്നിധ്യം ഉറപ്പുനല്കുന്ന പ്രവാചികയെ കാണാം. ദൈവസാന്നിധ്യത്തിന്റെ തണൽതേടുന്ന ഇസ്രായേൽജനത്തിന്റെ പ്രതിരൂപമാണ് ബാറക്ക്. ഇന്നു

ദൈവികതയുടെ സാന്നിധ്യം ആഗ്രഹിക്കുന്ന ലോകം അന്യമല്ല. സഭയിൽ, സമൂഹത്തിൽ, കുടുംബത്തിൽ ദൈവികസാന്നിധ്യം, ശബ്ദം, നാളം എന്നീ നിലകളിൽ വ്യാപരിക്കാൻ ഓരോ വ്യക്തിയ്ക്കും കടമയുണ്ട്. അപരന് ദൈവിക സൗഹൃദത്തിന്റെ തണലാകുവാനുള്ള വേദിയാണ് ജീവിതത്തിന്റെ ഓരോ നിമിഷവും എന്നോർത്താൽ നല്ലതല്ലേ?

ദബോറ ബാറക്കിനോടൊപ്പം കേദെഷിലേയ്ക്ക് പുറപ്പെട്ടു. ബാറക്ക് പ്രവാചിക പറഞ്ഞതുപോലെ സെബുലൂണിന്റെയും നഫ്താലിയുടെയും പതിനായിരങ്ങളെ വിളിച്ചുകൂട്ടിയിരുന്നു. സിസേറ തന്റെ രഥങ്ങളും സൈന്യങ്ങളുമായി ബാറക്കിനോട് എതിരിടാൻ കിഷോൻ നദിപ്രദേശത്തേയ്ക്ക് നീങ്ങിയപ്പോൾ പ്രവാചിക വീണ്ടും ബാറക്കിനോട് പറഞ്ഞു. "മുന്നേറുക; കർത്താവ് സിസേറയെ നിന്റ കൈയ്യിൽ ഏല്പിക്കുന്ന ദിവസമാണിത്: നിന്നെ നയിക്കുന്നത് കർത്താവല്ലേ?" (ന്യായാ 4,14). പ്രവാചികയുടെ  വാക്കുകൾ ബാറക്കിനും കൂട്ടർക്കും ശക്തിയും ആവേശവും പകരുന്നവയായിരുന്നു. അപ്പോൾ ബാറക്ക് തന്നോടുകൂടെയുള്ള പതിനായിരം പേരോടൊപ്പം താബോർ മലയിൽനിന്നു താഴേയ്ക്കിറങ്ങി.

"നിന്നെ നയിക്കുന്നത് കർത്താവല്ലേ?" ജീവിതത്തിൽ വഴിമുട്ടിക്കുന്ന പ്രതികൂലസാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ ഒരു പ്രവാചകശബ്ദം ദൈവം നമുക്കുവേണ്ടിയും കാത്തുസൂക്ഷിക്കുന്നുണ്ട്. അത് മനസാക്ഷിയുടെ സ്വരമാകാം, സത്പ്രേരണകളാകാം, ആഴമായ ബോധ്യവും വിശ്വാസവും ആകാം. ഇനിയും ചിലപ്പോൾ ചില വ്യക്തികളുടെ സാന്നിധ്യമോ പ്രചോദനാത്മകമായ വാക്കുകളോ ആകാം. ശ്രവണമനോഭാവത്തോടെ ദൈവികസാന്നിധ്യത്തിനും വചനത്തിനും മുമ്പിൽ നിൽക്കുന്നവന് അത്ഭുതത്തിന്റെ കലവറ തുറന്നുകൊടുക്കുന്ന ദൈവത്തെയാണ് നാമിവിടെ കാണുക.

"ആകാശത്തിൽ നക്ഷത്രങ്ങൾ യുദ്ധം ചെയ്തു. സഞ്ചാരപഥങ്ങളിൽ നിന്നുകൊണ്ട് അവർ സിസേറയ്ക്കെതിരെ പൊരുതി. കിഷോൻ പ്രവാഹം അവരെ ഒഴുക്കിക്കളഞ്ഞു" (ന്യായാ 5,20-21).

ബാറക്കിന്റെ മുമ്പിൽ സിസേറയുടെ സൈന്യം ഒന്നടങ്കം വാളിനിരയായി. സേനാപതിയായ സിസേറയാകട്ടെ രഥത്തിൽനിന്ന് ഇറങ്ങി പലായനം ചെയ്തു. ദൈവം തനിക്കാവശ്യമുള്ളവരെ ഉപകരണമാക്കുന്ന ഒരു ദൃശ്യവും നമുക്ക് ബാറക്കിന്റെ ജീവിതത്തിലൂടെ കാണാം. നഫ്താലിയിൽനിന്നുള്ള ബാറക്ക് ഇസ്രായേലിൽ മറ്റുള്ളവരോടൊപ്പം കാനാൻ രാജാവായ യാബിനു കീഴിലുള്ള സിസേറയുടെ ക്രൂരപീഡകൾ അനുഭവിച്ച ഒരു വ്യക്തിയാവാം. അവനും ദൈവത്തോട് സഹായത്തിനായി നിലവിളിച്ചിട്ടുണ്ടാവും. അടിമത്തത്തിന്റെ കൈപ്പിടിയിൽനിന്ന് അവരെ പിടിച്ചുയർത്താൻ ദൈവം ബാറക്കിനെ കരുതിവച്ചു എന്നുവേണം കരുതാൻ. ഒരു പ്രവാചകശബ്ദം അതിനു നിമിത്തമായി എന്നത് സത്യംതന്നെ. ദൈവത്തിന്റെ സ്വരത്തോടും ആജ്ഞകളോടും ക്രിയാത്മകമായി പ്രതികരിച്ചു എന്നതാണ് ബാറക്കിന്റെ ധന്യത.

രഥത്തിൽനിന്ന് ഇറങ്ങിയോടിയ സിസേറ കേന്യനായ ഹേബെറിന്റെ ഭാര്യ ജായേലിന്റെ കൂടാരത്തിൽ അഭയം പ്രാപിച്ചു. കാനാൻ രാജാവിന്റെ കുടുംബസുഹൃത്തിന്റെ കൂടാരമായിരുന്നു അത്. അതുകൊണ്ടുത്തന്നെ ജായേൽ സിസേറയെ കൂടാരത്തിനുള്ളിലേക്ക് സ്വീകരിച്ചു. അവൾ അവനെ കരിമ്പടംകൊണ്ട് മൂടി. അവൻ അവളോട് ദാഹം ശമിപ്പിക്കാൻ അല്പം വെള്ളം ആവശ്യപ്പെട്ടു. അവളാകട്ടെ അവനു കുടിക്കാൻ പാൽ കൊടുത്തു. വീണ്ടും കരിമ്പടം കൊണ്ട് അവനെ പുതപ്പിച്ചു. തന്നെ അന്വേഷിച്ച് ആരെങ്കിലും വന്നാൽ ഇവിടെ ആരുമില്ലെന്ന് പറയുവാൻ കൂടാരത്തിന്റെ വാതിക്കൽ കാവൽ നിൽക്കാൻ ജായേലിനോട് സിസേറ ആവശ്യ

പ്പെട്ടു. "എന്നാൽ ഹേബെറിന്റെ ഭാര്യ ജായേൽ കൂടാരത്തിന്റെ ഒരു മരയാണിയും ചുറ്റികയും എടുത്തു സാവധാനം അവന്റെ അടുത്തുചെന്നു. അവൻ ക്ഷീണിച്ച് ഉറങ്ങിക്കിടക്കവേ ആണി അവന്റെ ചെന്നിയിൽ തറച്ചു. അതു നിലത്തിറങ്ങുവോളം അടിച്ചു കയറ്റി. അങ്ങനെ അവൻ മരിച്ചു" (ന്യായാ 4,21).

ദബോറയിലേക്ക് ഒന്നു തിരിഞ്ഞുനോക്കിയാൽ മോശയുടെ മനസ്സും ജോഷ്വായുടെ കൈകളും കൈമുതലാക്കിയവൾ – മാതൃസാന്നിധ്യമായവൾ! ഇസ്രായേൽ ജനതക്കിടയിൽ ഒരു കുടുംബനാഥയായിരുന്നു ദബോറ. പ്രവാചികയായി, ന്യായാധിപയായി അവൾ നിലകൊള്ളുന്നു. ഇസ്രായേലിൽ നടമാടിയിരുന്ന വിഗ്രഹാരാധനയും കേന്യർ അവരെ പീഡിപ്പിക്കുന്നതും അവൾ കണ്ടിരുന്നു. നന്മ വളരേണ്ടിടത്ത് തിന്മ നിറയുമ്പോൾ പ്രതികരിക്കേണ്ടവർ പ്രതികരിക്കാതിരിക്കുന്നത് പാപമാണ്. ദുർബലമായ ഇസ്രായേൽ ജനത്തിനെതിരെ കിരാതവും സംസ്കാരശൂന്യവുമായി പോരാടുന്നവരോട് ആഞ്ഞടിക്കുവാൻ മാതൃബലത്തിന്റെ തണൽവിരിച്ച അമ്മമരമാണവൾ. അവൾ ജീവിക്കുന്ന ദീപസ്തംഭമായി നിന്നുകൊണ്ടു ശക്തരായ യോദ്ധാക്കൾക്ക് ആവേശം പകർന്നു. അവളുടെ ദീർഘവീക്ഷണം നോക്കുക; അവൾ ബാറക്കിനോട് പറയുന്നുണ്ട്: "നിന്റെ ഈ വഴി നിന്നെ മഹത്ത്വത്തിലെത്തിക്കുകയില്ല. കർത്താവ് സിസേറയെ ഒരു സ്ത്രീയുടെ കയ്യിലേൽപ്പിക്കും".

ദബോറയുടെ കീർത്തനം ശ്രദ്ധിച്ചാൽ അവളിൽ സ്ഫുരിക്കുന്ന ദൈവികസ്നേഹവും മാനുഷികസ്നേഹവും പ്രാപഞ്ചികസ്നേഹവും മനസിലാക്കാം. ദൈവമഹത്ത്വം വിളിച്ചോതുവാൻ മടികാണിക്കാത്ത കവയിത്രി. നന്മകൾ തന്ന് അനുഗ്രഹിക്കുന്ന ദൈവത്തിനവൾ കീർത്തനം പാടുന്നു. ജായേലിനെക്കുറിച്ച് 'കൂടാരങ്ങളിലെ ധന്യ' എന്നത്രേ അവൾ പറയുന്നത്. പലായനം ചെയ്ത സിസേറയെ പിൻതുടർന്നെത്തിയ ബാറക്കിനെ സ്വീകരിക്കാൻ കൂടാരവാതിൽക്കൽ ചെന്ന ജായേൽ പറഞ്ഞു: വരുക നീ അന്വേഷിക്കുന്ന മനുഷ്യനെ ഞാൻ കാണിച്ചുതരാം. അവൻ അവളുടെ കൂടാരത്തിൽ പ്രവേശിച്ചു. സിസേറ ചെന്നിയിൽ മരയാണിതറച്ചു മരിച്ചു കിടക്കുന്നത് കണ്ടു. ആ ദിവസം യാബീന് ഇസ്രായേലിന്റെ മുമ്പിൽ കീഴ്പ്പെടേണ്ടി വന്നു.

സേനാപതിയെ തന്റെ കാല്ക്കൽ നിശ്ചലനാക്കിയ സ്ത്രീയാണ് ജായേൽ. കൂടാരത്തിനുള്ളിൽ പ്രവേശിച്ച ശത്രുവിനെ – തിന്മയെ നിഷ്കാസനം ചെയ്യാൻ മരയാണിയും ചുറ്റികയും എടുത്ത സ്ത്രീ.

ആത്മകൂടാരങ്ങളിലെ തിന്മകൾക്കെതിരെ മരയാണിയും ചുറ്റികയും കൈയ്യിലെടുക്കേണ്ടവരാണ് നാം. അവിടെ തഴച്ചുവളരുന്ന തിന്മകയുടെ സാന്നിധ്യം അറിയാത്തവരാകരുത്. കൂടാരത്തിലെ ജായേലിന്റെ വിവേകമാണ് നാം സ്വന്തമാക്കേണ്ടത്. തിരിച്ചറിവും തെരഞ്ഞെടുപ്പും നടത്തുവാൻ ദൈവസാന്നിധ്യത്തിന്റെ കൂട്ട് ഉണ്ടാവണം. ദൈവജനത്തെ തിന്മകളിൽ നിന്നു രക്ഷിക്കാൻ ദൈവം ഒരുക്കുന്ന വഴികൾ വ്യത്യസ്ത്യങ്ങളാണ്. അവയോടുള്ള ആരോഗ്യകരമായ പ്രതിബദ്ധതയാണ് വിജയത്തിലെത്തിക്കുക.

**ബാറക്കിന്റെ ജീവിതം പറയുന്നു**

* എന്റെ ജീവിതത്തെ നയിക്കുന്നവൻ ദൈവമാണ്.
* ദൈവസാന്നിധ്യാവബോധം എപ്പോഴും നിലനിർത്തുക
* കർത്താവിനോടുകൂടെ നന്മയിലേക്ക് മുന്നേറുക
* ദൈവസ്വരത്തെ അനുധാവനം ചെയ്യാൻ മടിക്കരുത്
* പ്രതീക്ഷ മങ്ങുമ്പോൾ, വിശ്വാസം ഇരുൾ നിറയുമ്പോൾ ദൈവത്തെ വിളിക്കാൻ മറക്കരുത്.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

പുതിയ ആരാധനാവത്സരത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ രക്ഷകനായ മിശിഹായുടെയും രക്ഷിക്കപ്പെട്ട സമൂഹമായ സഭയുടെയും ജീവിതരഹസ്യങ്ങളെ കേന്ദ്രീകരിച്ചുള്ള സ്വർഗീയയാത്രയാണ് ക്രൈസ്തവജീവിതം. അപ്രകാരം ക്രൈസ്തവജീവിതം നയിക്കുവാൻ വിശ്വാസികൾക്കു നേതൃത്വം നൽകുവാനാണ് ശുശ്രൂഷാപൗരോഹിത്യം നല്കി നമ്മെ ദൈവം അനുഗ്രഹിച്ചിരിക്കുന്നത്. സീറോമലബാർസഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലത്തോടുകൂടിയാണല്ലോ. മിശിഹായുടെ മനുഷ്യാവതാരംവഴി മനുഷ്യവർഗത്തിന് കരഗതമായ സമാധാനവും പ്രത്യാശയും ഓരോരുത്തരും സ്വായത്തമാക്കി, മിശിഹായുടെ സാക്ഷികളും പ്രേഷിതരുമായിത്തീരുവാൻ മംഗളവാർത്തക്കാലത്തിലെ വിശുദ്ധഗ്രന്ഥവായനകളെയും ആരാധനക്രമപ്രാർത്ഥനകളെയും ആധാരമാക്കി ദൈവജനത്തെ ഒരുക്കുവാൻ ഈ കാലത്ത് നമുക്കു പരിശ്രമിക്കാം. എല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഒക്ടോബർ മാസത്തിലെ അപ്പസ്തോലിക് സൊദാലെസ് മീറ്റിംഗ് 2021 ഒക്ടോബർ 12-ാം തീയതിയും സൊദാലെസ് ആസ്പിരന്റ്സ് മീറ്റിംഗ് ഒക്ടോബർ 14-ാം തീയതിയും ഓൺലൈനായി നടത്തി. താമരശ്ശേരി രൂപതയിലെ സൊദാലെസ് ആസ്പിരന്റ്സ് മീറ്റിംഗ് ഒക്ടോബർ 13 -ാം തീയതിയും നടന്നു. പ്രസ്തുത മീറ്റിംഗുകളിൽ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ കോൺസ്റ്റിറ്റ്യൂഷന്റെ വ്യാഖ്യാനവും ഡയറക്ടറിയും ആധാരമാക്കി ക്ലാസ്സുകൾ നയിച്ചു. സെനക്കിൾ സ്നേഹിതരുടെ ഒരു പുതിയ ഗ്രൂപ്പ് 2021 ഒക്ടോബർ മാസം 11-ാം തീയതി ആരംഭിച്ചു. എട്ട് പുതിയ വൈദികർ, അന്നത്തെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. പുതിയ വൈദികസ്നേഹിതർക്ക് ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിനെ പരിചയപ്പെടുത്തി സംസാരിച്ചു. റവ. ഫാദർ സ്റ്റെഫിൻ മാമ്പ്രയിലിനെ പുതിയ ഗ്രൂപ്പിന്റെ നേതാവായി നിശ്ചയിക്കുകയും ചെയ്തു.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




**എസ്.ജെ., കൂരോപ്പട**

ഒരു മുന്നൊരുക്കവുമില്ലാതെ ചടച്ചുകുത്തിപ്പെയ്യുന്ന മഴ. മക്കൾക്ക് ഓൺലൈൻക്ലാസ്സ് നടക്കുന്നതുകൊണ്ട് അവരെ കൂടാതെയാണ് ലില്ലിക്കുട്ടി പുല്ലുപറിക്കാൻ പോന്നത്. അതേതായാലും നന്നായി. അല്ലെങ്കിൽ ഇന്ന് നനഞ്ഞുകുളിച്ചേനെ. ഇളയവന് മഴവെള്ളം ദേഹത്തുവീണാൽമതി ശ്വാസംമുട്ടൽ തുടങ്ങും. കിട്ടിയ പുല്ലും വാരിക്കെട്ടി അവൾ ധൃതിയിൽ നടന്നു. നല്ല ഇടിയും മിന്നലും വാവച്ചൻ പേടിച്ചു കരയുന്നുണ്ടാവും. അവളുടെ നടത്തത്തിന് വേഗം കൂടി.

തോട്ടത്തിൽനിന്നും വീട്ടിലോട്ടുള്ള വഴിയിലാണ് കറിയാച്ചൻ മുതലാളിയുടെ വീട്. മഴയുടെയും ഇടിയുടെയും ശബ്ദത്തിനുമീതെ അവരുടെ വീട്ടിൽനിന്നുള്ള പാട്ടു കേൾക്കാം. സിത്താരമോളുടെ ഒത്തുകല്യാണത്തിന് ഇനി ഒരാഴ്ചയേയുള്ളൂ. വിവാഹം ഉറപ്പിച്ചതുമുതൽ അവരുടെ വീട്ടിൽ എന്നും ആഘോഷമാ. കോവിഡ് കാലമായതുകൊണ്ട് ഒത്തിരിപ്പേരെ ഒന്നിച്ചുവിളിക്കുവാൻ പറ്റാത്തതിന്റെ വിഷമം. എന്നാലും എല്ലാ ദിവസവും പല സമയത്തായി പത്തിരുന്നൂറു പേർ അവിടെ എത്തുന്നുണ്ട്. കൊട്ടാരംപോലുള്ള അവരുടെ വീടുമുഴുവൻ പലനിറത്തിലുള്ള ബൾബുമാലകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. ശരിക്കും സ്വർഗംപോലെ! മഴയില്ലാത്ത വൈകുന്നേരങ്ങളിൽ നാട്ടിലെ പിള്ളേരെല്ലാം വഴിയിൽവന്ന് ഇത് നോക്കി നിൽക്കുന്നതുകാണാം. പാവം കുട്ടികൾ... ഇന്നേതായാലും അവർക്കൊന്നും വീട്ടിൽനിന്നിറങ്ങാൻപോലും പറ്റില്ല. എന്നാ പെരുമഴയാ. പക്ഷേ കറിയാച്ചൻമുതലാളിയും റീനാമ്മയുമൊക്കെ മഴയുള്ളതാണ് ഇഷ്ടം എന്നാണു പറയുന്നത്. അപ്പോഴാണെന്ന് നല്ല ഓളം. എനിക്കാണെ മഴപെയ്യുന്നതേ ചങ്കു കാളും. ഒരു നല്ല

മഴ പെയ്താൽ അപ്പച്ചന്റെ മുറിയൊഴിച്ച് ബാക്കിയെല്ലാമുറിയും ചോർന്നൊലിക്കും. എല്ലായിടത്തും ഓരോ പാത്രങ്ങൾ വച്ചിട്ടുണ്ട്.

ഒരു വർഷം തികച്ചായിട്ടില്ല ബിനോയും ലില്ലിക്കുട്ടിയും 5 സെന്റ് സ്ഥലവും, അതിലൊരു പഴയ വീടും സ്വന്തമാക്കിയിട്ട്. പെയിന്റിങ് തൊഴിലാളിയായ ബിനോയ്ക്കുകിട്ടുന്ന വരുമാനംകൊണ്ട് ആ ആറംഗകുടുംബത്തിന് അല്ലലില്ലാതെ കഴിയാൻ ആവാതെവന്നപ്പോഴാണ് ഒരു പശുവിനെ വാങ്ങുന്ന കാര്യം അവർ ആലോചിച്ചത്. മിന്നുമാലയിൽനിന്നും മിന്നൂരി ഒരു വെഞ്ചരിച്ച കറുത്ത ചരടിൽ കോർത്ത് കഴുത്തിലിട്ടു. കുടുംബശ്രീയിൽനിന്നെടുത്ത വായ്പയുംകൂടി ആയപ്പോൾ അമ്മിണിക്കുട്ടി കൂട്ടിലെത്തി. രാവിലെ പണിക്കുപോകുമ്പോൾ സൊസൈറ്റിയിലേയ്ക്കുള്ള പാൽ ബിനോ കൊണ്ടുപോകും. വൈകുന്നേരത്തെ പാൽ വീടുകളിൽ കൊടുക്കും. കിടപ്പിലായ അപ്പച്ചന് രാവിലെയും വൈകിട്ടും ഓരോ നല്ല ചായ. ആവിപറക്കുന്ന ചായ ഊതിക്കുടിക്കുമ്പോൾ ആ മുഖത്തെ സന്തോഷം... അതുകാണുമ്പോൾ ലില്ലിക്കുട്ടി അന്നത്തെ എല്ലാ കഷ്ടപ്പാടും മറക്കും.

കന്നുകാലിക്കൂടിനടുത്തെത്തിയപ്പോഴേയ്ക്കും കാതടപ്പിക്കുന്ന തരത്തിലുള്ള ഒരിടി. “അമ്മേ...” കുട്ടികൾ നിലവിളിച്ചു. പുല്ലുകെട്ടും മുറ്റത്തിട്ട് അവൾ ഒരോട്ടം. കയ്യും കാലും കഴുകികിതച്ചുകൊണ്ട് അകത്തെത്തി. അപ്പച്ചന്റെ കൂടെ കട്ടിലിൽ മൂന്നു പേരും കിടപ്പുണ്ട്. എന്റെ ഈശോയെ സമാധാനമായി. “എന്റെ പെണ്ണേ, നീ പേടിച്ചുപോയോ. എന്തൊരിടിയാ ഇന്ന്”. വിറയാർന്ന സ്വരത്തിലുള്ള അപ്പച്ചന്റെ വേവലാതി... പാവം ഇങ്ങനെയൊരു അമ്മായിയപ്പൻ. എന്റെ ഭാഗ്യമല്ലാതെന്താ?

അത്താഴം തയ്യാറാക്കണം. അടുപ്പത്തിട്ടിട്ടുപോയ കഞ്ഞി ഏതു പരുവമായോ ആവോ? അവൾ അടുക്കളയിലേക്കു നടന്നു. അത്താഴത്തിന് എന്നും കഞ്ഞിയാണു പതിവ്. കൂടെ മിക്കവാറും ചമ്മന്തിയും. ഇന്നൊരു ഉപ്പുമാങ്ങച്ചമ്മന്തിയാകട്ടെ... എല്ലാവർക്കും ഏറ്റവും ഇഷ്ടപ്പെട്ട കറി.

മൂന്നു മാസമായി അപ്പച്ചൻ കിടപ്പിലായിട്ട്. അന്നുമുതൽ അപ്പച്ചന്റെ കിടപ്പുമുറിയാണ് പ്രാർത്ഥനാമുറി. ബിനോ സന്ധ്യയ്ക്ക് പണികഴിഞ്ഞെത്തിയാലുടൻ കുളി, കട്ടൻകുടി... അതുകഴിഞ്ഞ് അപ്പച്ചന്റെ മുറിയിലെത്തും. മക്കളും അവിടെ കൂടും. ആദ്യം കുരിശുവര, പിന്നെ വാചകമടി. അതിനുശേഷം അപ്പച്ചന് കഞ്ഞിവാരിക്കൊടുക്കും. അത് ബിനോയുടെ പണിയാണ്. അതുകഴിഞ്ഞ് മക്കളുടെ അത്താഴം.

എട്ടരയാകുമ്പോഴേയ്ക്കും ലില്ലിക്കുട്ടി തന്റെ തയ്യൽമെഷീന്റെ അടുത്തെത്തും. എല്ലാ ദിവസവും ഒരു ചുരിദാർ തയ്ക്കും. അതിൽക്കൂടുതലൊന്നും തയ്യൽ കിട്ടാറില്ല. എങ്കിലും അപ്പച്ചന്റെ മരുന്ന്, കറണ്ട് ബില്ല്, മറ്റു ചില്ലറച്ചിലവുകളെല്ലാം അതിൽനിന്നും നടക്കും. പിന്നെന്തു വേണം?

ഇതുവരെ ആ വീട്ടിൽ ഒരു ടി.വി. എത്തിയിട്ടില്ല. അതിന്റേതായ എല്ലാ ഐശ്വര്യങ്ങളും ആ കുടുംബത്തിൽ ഉണ്ടുതാനും. പട്ടിണിയുടെയും പരിവട്ടത്തിന്റെയും നടുവിലെ ഒരു കൊച്ചു സ്വർഗം. സ്നേഹിക്കാൻ മാത്രമറിയാവുന്ന ആറു ഹൃദയങ്ങൾ. എപ്പോഴും സംതൃപ്തർ. ഒന്നിനെക്കുറിച്ചും പരാതിയോ, പരിഭവമോ ഇല്ലാത്ത ഈ ഭൂമിയിലെ ഒരു കൊച്ചുസ്വർഗത്തിന്റെ അവകാശികൾ!!!

# അമ്മ പഠിപ്പിച്ച നാലു പാഠങ്ങൾ



**റവ. ഫാ. ജോസഫ് കൈതോലിൽ**
**പാലാ രൂപത**

**ഞാ**ൻ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നത് തെലുങ്കാനയിലെ അദിലാബാദ് രൂപതയിലെ ജെണ്ട്വെങ്കിട്ടപുരം എന്ന കൊച്ചു മിഷൻ സ്റ്റേഷനിലാണ്. ആറുമാസങ്ങൾക്കുമുമ്പ് പാലാ രൂപതയിലെ ചെമ്മലമറ്റം എന്ന ഇടവകയിലാണ് എന്റെ പൗരോഹിത്യശുശ്രൂഷ നിർവ്വഹിച്ചിരുന്നത്. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർവരെ തങ്ങളുടെ മാമ്മോദീസാ സർട്ടിഫിക്കറ്റ് എടുക്കുവാൻ പള്ളിയിൽ വരാറുണ്ട്. പലപ്പോഴും ഇടവകയിലെ കൊച്ചച്ചന്മാരുടെ ദൗത്യമാണ് മാമ്മോദീസാ സർട്ടിഫിക്കറ്റ് കൊടുക്കുക എന്നത്. ചെമ്മലമറ്റം പള്ളിയിൽ ഏതാണ്ട് 1920 കൾ മുതലുള്ള മാമ്മോദീസാ രജിസ്റ്ററുകൾ വായിക്കാവുന്ന രീതിയിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഈ രജിസ്റ്ററുകൾ പരതിയപ്പോൾ എന്നെ അത്ഭുതപ്പെടുത്തിയ ഒരു സംഗതി ഇതാണ് – ഏറ്റവും കൂടുതൽ പുരുഷന്മാർക്കു നല്കിയിട്ടുള്ള പേര് യൗസേപ്പ്, ജോസഫ് മുതലായവയാണ്. അതുപോലെ 80–85 ശതമാനം സ്ത്രീകൾക്കും നൽകിയിട്ടുള്ള മാമ്മോദീസാ പേര് പരിശുദ്ധ കന്യകാമറിയത്തിന്റേതാണ്. അമ്മ മറിയം ആണെങ്കിൽ മകൾ മേരി ആണ്. മകളുടെ മകൾ ആൻമേരി ആയി. തലമുറ ഒന്നു കൂടി മാറി മൂന്നാം തലമുറ ആയപ്പോൾ ആൻമേരി റൂത്ത് ആയി. അപ്പോഴും പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയം ഒഴിവാക്കിയിട്ടില്ല. ഇത് നമ്മൾ സുറിയാനി കത്തോലിക്കരുടെ മാത്രമല്ല, ലോകമെമ്പാടുമുള്ള കത്തോലിക്കാ വിശ്വാസികളുടെ വലിയ പാരമ്പര്യത്തിന്റെ ഭാഗം കൂടിയാണ്.

സമുദ്രതാരം (Stella Maris) എന്നൊരു പേര് പരിശുദ്ധകന്യകാമറിയത്തിനുണ്ട്. റഡാർ സംവിധാനങ്ങളും ജിപിഎസ് സിസ്റ്റവും ഒക്കെ കണ്ടുപിടിക്കുന്നതിനുമുമ്പ് പണ്ടുകാലത്ത് നാവികർ ഉപയോഗിച്ചിരുന്ന മാർഗ്ഗം വടക്കുനോക്കിയന്ത്രവും ക്ഷീരപഥത്തിലെ നക്ഷത്രങ്ങളുടെ സ്ഥാനവും ഒക്കെയായിരുന്നു. നക്ഷത്രങ്ങളുടെ സ്ഥാനം നോക്കി ദിശ തെറ്റാതെ കൃത്യമായി ലക്ഷ്യസ്ഥാനത്തു യാത്രക്കാർ എത്തിച്ചേർന്നിരുന്നു. ഇതുപോലെ സ്വർഗ്ഗീയ ജറുസ

ലേമിലേക്കുള്ള യാത്രയിൽ വഴിതെറ്റാതെ കൃത്യമായി നമ്മെ കൊണ്ടുചെന്നെത്തിക്കാൻ, ഈശോയിലേക്കുമാത്രം നമ്മെ നയിക്കാൻ പരിശുദ്ധകന്യകാമറിയത്തിനു പ്രത്യേകമായ ഒരു ശക്തിവിശേഷം ഉണ്ട്. "സമുദ്രതാരമേ മേരി മാതേ...." എത്ര അർത്ഥവത്താണ് ഈ ഈരടികൾ. കൊച്ചുകുട്ടികളായിരുന്നപ്പോൾ നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കുന്നതിൽ നമ്മുടെ അമ്മമാർ പ്രത്യേക പങ്കുവഹിച്ചുണ്ട്. കൈപിടിച്ചു നമ്മെ നടക്കാൻ പഠിപ്പിച്ചതും തെറ്റുചെയ്തപ്പോൾ ആദ്യം നമ്മെ ശാസിച്ചതും അമ്മയല്ലേ? ഈശോയുടെ അമ്മ എന്റെയും അമ്മയാണ്. ആത്മീയയാത്രയിൽ അമ്മ പഠിപ്പിച്ച നാലു പാഠങ്ങളെപ്പറ്റിയാണ് ഇന്നു നമ്മുടെ വിചിന്തനം.

**1. ശരിയായ രീതിയിൽ ഈശോയെ കാണാൻ പഠിപ്പിക്കുന്നത് പരിശുദ്ധ അമ്മയാണ്**

"അവർ ഭവനത്തിൽ പ്രവേശിച്ചപ്പോൾ ശിശുവിനെ അവന്റെ അമ്മയായ മറിയത്തോടൊപ്പം കണ്ടു" (മത്താ 2,11). ആ കാലിത്തൊഴുത്തിൽ യൗസേപ്പിതാവും ഉണ്ടായിരുന്നു. പക്ഷേ മത്തായി സുവിശേഷകൻ പരിശുദ്ധ കന്യകാമറിയത്തിന്റെ സാന്നിധ്യം എടുത്തുപറയുകയാണ്. പരിശുദ്ധകന്യകാമറിയത്തോടൊപ്പം ഈശോയെ കാണുക - ഈ കാഴ്ചയിൽ ഒരു പൂർണ്ണതയുണ്ട്. കാരണം ഈശോയെ ഉദരത്തിൽ സ്വീകരിക്കുന്നതിനുമുമ്പ് ഹൃദയത്തിൽ സ്വീകരിച്ചവളാണ് പരിശുദ്ധമറിയം. ഞാനിപ്പോൾ ശുശ്രൂഷ ചെയ്യുന്ന തെലുങ്കാനയിലും ആന്ധ്രയിലുമെല്ലാം ധാരാളം പ്രോട്ടസ്റ്റന്റ് ക്രിസ്ത്യൻ മിനിസ്ട്രികൾ ഉണ്ട്. ലക്ഷക്കണക്കിനാളുകൾ ഫോളോവേഴ്സായിട്ടുള്ള മിനിസ്ട്രികളായ ഇവ വളരെ ആവേശകരമായ രീതിയിൽ മിശിഹായെ പ്രഘോഷിക്കുന്ന പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാരുടെ സംഘങ്ങളാണ്. പലപ്പോഴും ഓൺലൈനിൽ ഇവർക്കു വലിയ വ്യൂവേഴ്സ് ഉണ്ട്. ഏതൊരു പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനങ്ങളെയും പോലെതന്നെ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചു യാതൊന്നും സംസാരിക്കുന്നില്ല എന്നുള്ളത് ഇവരുടെ ഒരു ന്യൂനത തന്നെയാണ്. പരിശുദ്ധ അമ്മയോടൊപ്പമുള്ള ഈശോയുടെ ഒരു കാഴ്ചയല്ല ഇവർ അവതരിപ്പിക്കുന്നത്. സുവിശേഷകൻ കണ്ടതുപോലെയും ജ്ഞാനികൾ കണ്ടതുപോലെയും മറിയത്തോടൊപ്പം ഈശോയെ കാണാൻ അവർക്കു കഴിയുന്നില്ല.

**2. പരിശുദ്ധാത്മാവിൽ നിറയുന്നതിനുള്ള കുറുക്കുവഴി നമ്മെ പഠിപ്പിക്കുന്നത് പരിശുദ്ധ അമ്മയാണ്**

യൗസേപ്പ് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കെ ഉറങ്ങിപ്പോയി. അപ്പോൾ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: "അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്" (മത്താ 1,20). അതായത് പരിശുദ്ധാത്മാവിന്റെ മണവാട്ടിയാണ് പരിശുദ്ധ കന്യകാമറിയം. മണവാട്ടി ഉള്ളിടത്തു മണവാളൻ ഉണ്ടാകും. പന്തക്കുസ്താനാളിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുമുമ്പ് പരിശുദ്ധ ദൈവമാതാവിന്റെ സാന്നിദ്ധ്യം നടപടിപുസ്തകത്തിൽ എടുത്തു കാണിക്കുന്നുണ്ട്. "ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (നട 1,14). അതുപോലെ ദൈവാത്മാവിന്റെ ആവാസത്തിനായി പരിശുദ്ധ അമ്മയോടു ചേർന്ന് നമുക്കും പ്രാർത്ഥിക്കാം.

**3. പരിശുദ്ധ അമ്മ നൽകുന്ന ശിക്ഷണത്തിനു നമ്മെത്തന്നെ വിട്ടുകൊടുക്കുക**

ഈശോമിശിഹാപോലും പരിശുദ്ധ അമ്മയുടെ ശിക്ഷണത്തിനു തന്നെത്തന്നെ വിധേയനാക്കിയിട്ടുണ്ട്. തന്റെ പരസ്യജീവിതത്തിനു മുമ്പ് മുപ്പത്തിമൂന്നു വർഷക്കാലം പരിശുദ്ധ അമ്മയ്ക്കും വിശുദ്ധ യൗസേപ്പിനും വിധേയപ്പെട്ട് നസ്രത്തിൽ ജീവിച്ച വ്യക്തിയാണ് ഈശോമിശിഹാ (ലൂക്കാ 2,51). ആത്മീയജീവിതത്തിൽ വളരാൻ ആഗ്രഹിക്കുന്നവരെല്ലാം

പരിശുദ്ധ അമ്മയ്ക്കു തങ്ങളെത്തന്നെ സമർപ്പിക്കണമെന്ന വിജയഫോർമുല നേരത്തേതന്നെ മനസ്സിലാക്കിയവർ ആയിരുന്നു വിശുദ്ധാത്മാക്കൾ എല്ലാം. വിശുദ്ധ ജോൺ മരിയ വിയാനിയുടെ ചെറുപ്പകാലത്തെ ഒരു സംഭവം നാമെല്ലാം കേട്ടിട്ടുള്ളതാണ്. ഒരു ദിവസം കൊച്ചു ജോണിനെ കാണാതെ പോയി. മാതാപിതാക്കളും വീട്ടുകാരും കൂട്ടുകാരും അയൽക്കാരുമെല്ലാം കൊച്ചുജോണിനെത്തേടി നടക്കുകയാണ്. അൽപസമയത്തിനുശേഷം വീടിന്റെ അടുത്തുള്ള ഒരു കാലിത്തൊഴുത്തിൽ നിന്നും ജോണിനെ കണ്ടുകിട്ടി. പരിശുദ്ധ ദൈവമാതാവിന്റെ പൊട്ടിപ്പൊളിഞ്ഞ ഒരു പഴയ തിരുസ്വരൂപം എടുത്തുവച്ച് അതിനുമുമ്പിൽ മുട്ടുകുത്തിനിന്ന് ജപമാല ചൊല്ലുന്ന കൊച്ചു ജോണിനെയാണ് അവർ കണ്ടത്. തന്റെ പതിനാറാമത്തെ വയസ്സിൽ സ്വന്തം അമ്മ മരിച്ചുപോയ വ്യക്തിയായിരുന്നു വി. മറിയം ത്രേസ്യാ. സങ്കടം സഹിക്കവയ്യാതെ അവൾ ഇടവകപ്പള്ളിയിലെ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപത്തിനുമുമ്പിൽ ചെന്നുനിന്നു കരഞ്ഞുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു: ''അമ്മേ, മാതാവേ, ഇനിമുതൽ അമ്മയാണ് എന്റെ അമ്മ. അമ്മയ്ക്ക് ഇഷ്ടമില്ലാത്തതൊന്നും എന്റെ ജീവിതത്തിൽ ഉണ്ടാകുവാൻ ഇടവരുത്തരുതേ".

നമ്മുടെ ആത്മീയ ആവശ്യങ്ങളിൽ മാത്രമല്ല ഭൗതികമായ ആവശ്യങ്ങളിലും പരിശുദ്ധ ദൈവമാതാവ് നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ആസ്ട്രിയായിലെ ഒരു ദരിദ്ര കത്തോലിക്കാ കുടുംബത്തിൽ ജനിച്ച ബാലനായിരുന്നു ജോസഫ് സാർത്തോ. ഒരു വൈദികൻ ആകണമെന്നതായിരുന്നു അവന്റെ ആഗ്രഹം. ആ കാലഘട്ടത്തിൽ വൈദിക പട്ടത്തിനു പഠിക്കുക എന്നത് ഭാരിച്ച ചെലവുള്ള ഒരു കാര്യമായിരുന്നു. തത്ത്വശാസ്ത്രവും ദൈവശാസ്ത്രവുമൊക്കെ വിദേശത്തും യൂണിവേഴ്സിറ്റികളിലുമൊക്കെ പോയി പഠിക്കണമായിരുന്നു. അക്കാരണത്താൽ സാമ്പത്തികമായി ഉയർന്ന നിലയിലുള്ള കുടുംബങ്ങളിലെ കുട്ടികൾ മാത്രമായിരുന്നു സെമിനാരികളിലേക്ക് അയയ്ക്കപ്പെട്ടിരുന്നത്. ഇടവകപ്പള്ളിയിലെ പരിശുദ്ധ കുർബാനയ്ക്കുശേഷം എല്ലാ ദിവസവും അവൻ പരിശുദ്ധ ദൈവമാതാവിന്റെ രൂപത്തിനു മുൻപിൽ പോയി കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു: "അമ്മേ, മാതാവേ, എനിക്ക് ഒരു വൈദികനായിത്തീരണം. പക്ഷേ എന്റെയും എന്റെ കുടുംബത്തിന്റെയും സാഹചര്യം നിനക്കറിയാമല്ലോ. എന്നെ സഹായിക്കണം." ദൈവമാതാവ് അവനുവേണ്ടി സ്വർഗ്ഗത്തിനുമുമ്പിൽ മാധ്യസ്ഥ്യം അപേക്ഷിച്ചു. സഭാധികാരികൾ അവന്റെ പഠനത്തിനായുള്ള സ്കോളർഷിപ്പിന് അംഗീകാരം നൽകി. ഈ ബാലൻ സെമിനാരിയിൽ പ്രവേശിച്ചു, വൈദികനായി, മെത്രാനായി പിന്നീട് കർദ്ദിനാളായി ഒടുവിൽ ആഗോള കത്തോലിക്കാ സഭയുടെ തലവനായി മാറുകയും ചെയ്തു. അദ്ദേഹമാണ് വി. പത്താം പീയൂസ്.

### 4. സാത്താന്റെ കെണിയിൽ വീഴാതെ നടക്കാൻ പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നു


തിന്മയുടെ അന്ധകാരശക്തികൾക്കെതിരെ പ്രത്യേകമായ ഒരു സംരക്ഷണവരം നൽകി പരിശുദ്ധ മാതാവിനെ സ്വർഗ്ഗം ആദരിച്ചിട്ടുണ്ട്. ഉല്പത്തി 3,15 ൽ കാണുന്ന സ്ത്രീ ആദത്തോടു ചേർന്ന് ദുഷ്ടശക്തിയ്ക്കു കീഴടങ്ങിയെങ്കിൽ രണ്ടാം ആദമായ ഈശോയോടു ചേർന്ന് അന്ധകാരശക്തികൾക്കെതിരെ നിലകൊള്ളുന്ന സ്ത്രീയാണ് പരിശുദ്ധ കന്യകാമറിയം. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ഇത് എല്ലാ ദിവസവും പ്രാർത്ഥിക്കുന്നവരാണു നാം. ഇവിടെ ഉദ്ദേശിക്കുന്ന മരണസമയം ഭൗതികമായ നമ്മുടെ മരണസമയം മാത്രമല്ല, പിന്നെയോ പാപത്തിൽ നാം മരിക്കുന്ന സമയമാണ്. രാവിലെ നാം ഉറക്കമുണരുന്ന സമയം മുതൽ വൈകുന്നേരം കിടക്കാൻ പോകുന്ന സമയം വരെ പാപത്തിൽ വീഴാവുന്ന നൂറുക്കണക്കിനു സാഹചര്യങ്ങൾ

നമുക്കു ചുറ്റുമുണ്ട്. പാപമാകുന്ന മരണസമയത്തും നമുക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നതാണ് പരിശുദ്ധ അമ്മയോടുള്ള നമ്മുടെ പ്രാർത്ഥന. ഈശോയ്ക്ക് ജന്മം നൽകുന്നതിനു മുമ്പും അതിനുശേഷവും അവസാനം കുരിശിൻ ചുവട്ടിലും പിന്നീട് പന്തക്കുസ്തായിലും പരിശുദ്ധ അമ്മയുടെ സാന്നിധ്യമുണ്ടായിരുന്നു. ഈശോമിശിഹാ ശരീരത്തിൽ സഹിച്ച പീഡാനുഭവങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തവളാണ് പരിശുദ്ധ അമ്മ. ഈശോയുടെ രക്ഷാകര കർമ്മത്തിൽ പരിശുദ്ധ അമ്മയ്ക്ക് അതുല്യമായ സ്ഥാനമാണുള്ളത്.

ചെറുപ്പത്തിൽ നമ്മുടെ അമ്മമാർ പറഞ്ഞുതന്ന കാര്യങ്ങൾ പ്രായം എത്ര ചെന്നാലും നാം മറക്കില്ല. അവയാണ് നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ നിർണ്ണായമായ പങ്കുവഹിച്ചിട്ടുള്ളത്. അത് മാറ്റിയെടുക്കുന്നതും ബുദ്ധിമുട്ടുള്ള കാര്യമാണ്. ക്രിസ്തീയ ജീവിതത്തിൽ പരിശുദ്ധ അമ്മ പഠിപ്പിക്കുന്ന പാഠങ്ങൾ ഓരോ ആത്മാവിനും മുതൽക്കൂട്ടാണ്. സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള യാത്രയിൽ അത് അത്ര കണ്ട് ഉപകാരപ്രദവുമാണ്. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് നമുക്ക് യാത്ര തുടരാം.

എത്രയും ഭാഗ്യവാനും സ്നേഹയോഗ്യനുമായ ഈശോ
സർവ്വസൃഷ്ടികൾക്കും ഉപരിയായി,
സർവ്വ സൗഖ്യങ്ങൾക്കും സൗന്ദര്യത്തിനും ഉപരിയായി,
സർവ്വ പ്രതാപത്തിനും ബഹുമാനത്തിനും ഉപരിയായി,
സർവ്വ പ്രാബല്യത്തിനും പാണ്ഡിത്യത്തിനും ഉപരിയായി,
സർവ്വ സമ്പത്തിനും കലകൾക്കും ഉപരിയായി,
സർവ്വ ആനന്ദത്തിനും ആഹ്ലാദങ്ങൾക്കും ഉപരിയായി,
സർവ്വ കീർത്തിക്കും സ്തുതിക്കും ഉപരിയായി,
സർവ്വ മാധുര്യത്തിനും ആശ്വാസത്തിനും ഉപരിയായി,
സർവ്വ യോഗ്യതകൾക്കും ആശങ്കകൾക്കുമുപരിയായി,
അങ്ങ് വർഷിക്കുന്ന ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും ഉപരിയായി,
മനസ്സിന് ഒതുക്കിവച്ച് ആസ്വദിക്കാവുന്ന സർവ്വ ആനന്ദത്തിനും
ഹർഷപ്രകർഷത്തിനും ഉപരിയായി,
ദൈവദൂതന്മാർക്കും മുഖ്യദൂതന്മാർക്കും ഉപരിയായി,
സർവ്വ സ്വർഗീയസൈന്യത്തിനും ഉപരിയായി,
ദൃശ്യവും അദൃശ്യവുമായ സർവ്വത്തിനും ഉപരിയായി,
എന്റെ ദൈവമേ, അങ്ങ് ഒഴിയെ സർവ്വത്തിനും ഉപരിയായി,
അങ്ങയിൽ സമാശ്വസിക്കുവാൻ
എനിക്കു കൃപചെയ്യണമെ.

**ക്രിസ്താനുകരണം**



പിതൃഹൃദയത്തോടെ – 6



# നിസ്സാരതയിൽ വിശുദ്ധി കണ്ടെത്തിയവൻ

**സുജ ചോതിരക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നിസാരവും ചെറുതുമായ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്താൽ വിശുദ്ധിയിലേയ്ക്കു വളരാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പ്. ഭാരിച്ച ഉത്തരവാദിത്വമാണ് ദൈവം ജോസഫിനെ ഭരമേൽപ്പിച്ചിരുന്നതെങ്കിലും അത് ഉൾക്കൊള്ളുന്ന ഏറ്റവും നിസാരവും ചെറുതുമായ കാര്യങ്ങൾ വിശ്വസ്തതയോടെ യഥാസമയം നിർവ്വഹിക്കുവാൻ വിശുദ്ധ യൗസേപ്പ് സന്നദ്ധനായിരുന്നു. മാനുഷികദൃഷ്ടിയിൽ നിസാരമെന്നു തോന്നിയ പല കാര്യങ്ങളോടും വിശ്വസ്തതയോടെ പ്രത്യുത്തരിച്ചപ്പോൾ സ്വർഗംപോലും ആ വിശുദ്ധിക്ക് അംഗീകാരം നൽകി. നിസാരതയിൽ ദൈവത്തെ കണ്ടെത്താൻ കഴിയുന്നതാണല്ലോ വിശുദ്ധിയുടെ ഉരകല്ല്. ദൈവിക പദ്ധതിയിൽ ചെറുതോ വലുതോ എന്ന തരംതിരിവില്ല. ഏല്പിക്കപ്പെടുന്ന കാര്യങ്ങളോടുള്ള വിശ്വസ്തതയ്ക്കാണ് പ്രാധാന്യം.

വിശുദ്ധ യൗസേപ്പ് ജീവിതം കൊണ്ട് സുവിശേഷപ്രഘോഷണം നടത്തിയ വ്യക്തിയായിരുന്നു. വാക്കുകളും പ്രവൃത്തികളും ഒരിക്കലും ആ ജീവിതത്തിൽ സംഘർഷം തീർത്തില്ല. വാക്കുകളിലും പ്രവൃത്തികളിലും

പുലർത്തിയ ആത്മാർത്ഥത ആ ജീവിതത്തെ കൂടുതൽ ശോഭയുള്ളതാക്കി.

വിശുദ്ധ യൗസേപ്പിനു സ്വന്തം വഴികൾ ഇല്ലായിരുന്നു. ദൈവത്തിന്റെ വഴി സ്വന്തം വഴിയാക്കി തന്റെ ജീവിതത്തെ രൂപപ്പെടുത്തുകയായിരുന്നു അദ്ദേഹം. ദൈവപുത്രന്റെ മനുഷ്യാവതാരരഹസ്യത്തിൽ സഹകാർമ്മികനായിരുന്ന വിശുദ്ധ യൗസേപ്പിന്റെ ജീവിതനിയോഗം ഈശോയെ എല്ലാനിമിഷങ്ങളിലും സഹായിക്കുകയും സ്നേഹിക്കുകയും ചെയ്യുകയായിരുന്നു. വിശുദ്ധ യൗസേപ്പിനെപ്പോലെ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളാക്കി ഈശോയെ സ്നേഹിക്കുകയും അവനെ പ്രസാദിപ്പിക്കുകയും ചെയ്യാം.

സഭാപഠനം അനുസരിച്ച് സ്വർഗത്തിൽ സവിശേഷമായ ഒരു സ്ഥാനം വിശുദ്ധ യൗസേപ്പ് അലങ്കരിക്കുന്നു. അതിനു കാരണം യൗസേപ്പിതാവിൽ വിളങ്ങിശോഭിച്ച അനിതരസാധാരണമായ വിശുദ്ധിയാണ്. വിശുദ്ധ ലെയോ മാർപാപ്പ വിശുദ്ധ യൗസേപ്പിന്റെ വിശുദ്ധിയുടെ അളവിനെക്കുറിച്ച് പരാമർശം നടത്തുന്നു. യൗസേപ്പിനു കൈവന്ന കൃപയുടെ മാനദണ്ഡം അവന്റെ രണ്ടു കടമകളിൽ അടിസ്ഥാനമിട്ടതായിരുന്നു: മറിയത്തിന്റെ ഭർത്താവും ഈശോമിശിഹായുടെ പിതാവും. ദൈവം യൗസേപ്പിൽ ചൊരിഞ്ഞ കൃപ തനിക്കു ലഭിച്ച ഈ രണ്ട് ഉത്തരവാദിത്വങ്ങളിലും അദ്ദേഹം വിശുദ്ധിയോടുകൂടി നിർവ്വഹിച്ചു.

ഒമ്പതാം പീയൂസ് പാപ്പ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് പറയുന്നു. "ദൈവം തന്റെ വീട്ടുകാര്യസ്ഥനും മേൽനോട്ടക്കാരനുമായി വിശുദ്ധ യൗസേപ്പിനെ നിയമിച്ചു". വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു: "സഭയിലെ വിശുദ്ധരെ ചില പ്രത്യേക അനുഗ്രഹങ്ങളുടെ മദ്ധ്യസ്ഥനായി സഭ നിർദ്ദേശിക്കുന്നു. എന്നാൽ വിശുദ്ധ യൗസേപ്പ് എല്ലാ കാര്യങ്ങൾക്കും എല്ലാ ആവശ്യങ്ങൾക്കും എല്ലാ സംഭവങ്ങൾക്കും മദ്ധ്യസ്ഥനായി നിയോഗിക്കപ്പെട്ടിരിക്കുന്നു". അദ്ദേഹത്തിന്റെ സമർപ്പണത്തിന് ദൈവം നൽകിയ വിലയാണിത്.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**




# മരുഭൂമിയെ വിളനിലമാക്കാം

**എബിൻ റോസ് സണ്ണി**

ഇറ്റലിയിലെ റോമിൽവച്ചു ലോകരാജ്യങ്ങളിലെ ഒട്ടുമിക്കനേതാക്കന്മാരും പങ്കെടുത്ത G-20 ഉച്ചകോടിയുടെ ആപ്തവാക്യം People, Planet, Prosperity എന്നതായിരുന്നു. ഈ മൂന്നു കാര്യങ്ങൾ ഇന്നിന്റെ നന്മയ്ക്കാവശ്യമാണ് എന്ന് ലോകം തിരിച്ചറിഞ്ഞതിന്റെ ഫലമാണിത്. അടിയന്തരചർച്ചകളും തിരക്കിട്ട പ്രവർത്തനങ്ങളും ജനത്തിന്റെ നന്മയ്ക്കുവേണ്ടി നടത്താൻ ലോകം ഒന്നിച്ചു പരിശ്രമിക്കുന്നു.

ഇരുപതു നൂറ്റാണ്ടിനുമുമ്പ് മിശിഹാ ജനിച്ചതും പ്രസംഗിച്ചതും മനുഷ്യകുലത്തിന്റെയും ലോകത്തിന്റെയും അല്ലലുകളും വേദനകളും സങ്കടങ്ങളും നൈരാശ്യങ്ങളും മാറ്റുന്നതിനും അതുവഴി ഒരു ഐശ്വര്യപൂർണ്ണമായ, മംഗളകരമായ വാർത്തകൾമാത്രം സംഭവിക്കുന്ന മനുഷ്യസമൂഹത്തെയും ലോകത്തെയും സൃഷ്ടിച്ചെടുക്കുന്നതിനുംവേണ്ടിയാണ്. ഈ മംഗളവാർത്തക്കാലത്തിൽ ഈശോയുടെ ജനനത്തിന് ഒരുങ്ങുമ്പോൾ നാം ചിന്തിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഐശ്വര്യപൂർണ്ണമായ ഒരു ജീവിതത്തെക്കുറിച്ചാണ്. നാം ഓരോരുത്തരും ഒരുങ്ങേണ്ടത് രണ്ടാ

യിരം വർഷങ്ങൾക്കുമുൻപ് മിശിഹാ ആഗ്രഹിച്ച പ്രഘോഷിച്ച കാണിച്ചുതന്ന മാതൃകയിൽ ജീവിച്ചുകൊണ്ടാണ്. ഈ ക്രിസ്തുമസ്സിന് ഉണ്ണീശോയ്ക്ക്, സന്തോഷംനിറഞ്ഞ മനുഷ്യഹൃദയങ്ങളിലോ, നാളേയ്ക്കുവേണ്ടി മറ്റുള്ളവരുടെ കരുതലിനുവേണ്ടി നിർമ്മിക്കപ്പെട്ട ഒട്ടും നശിപ്പിക്കപ്പെടാത്ത പവിത്രമായ ഒരു ഭൂമിയിലോ ജനിക്കാൻ പറ്റുമോ?

ക്രിസ്തുമസ്സ്രാവ് പ്രകൃതിക്കും മനുഷ്യനും ഏറെ കുളിർമ്മ നൽകുന്ന ഒന്നായിരുന്നു. കാരണം ഇവ രണ്ടും പ്രതീക്ഷയോടെ കാത്തിരുന്നത് ഒരു രക്ഷകനെ ആയിരുന്നു. ഒരുപക്ഷേ പിതാവായ ദൈവം തന്റെ പ്രിയപുത്രന്റെ ജനനത്തിന് പ്രകൃതിയിൽ ഇടം ഒരുക്കിയതും തന്റെ പുത്രന്റെ ജനനം ആട്ടിടയരെ ആദ്യം അറിയിച്ചതും പ്രകൃതിയ്ക്കും നിഷ്കളങ്കരായ മനുഷ്യർക്കും താൻ എത്രമാത്രം സ്ഥാനം നൽകുന്നു എന്ന് സൂചിപ്പിക്കാനാണ്.

ഈ രണ്ടായിരത്തിയിരുപത്തൊന്നിലെ ക്രിസ്തുമസ്സിന് നാം ഒരുങ്ങുമ്പോൾ നമുക്കും ചിന്തിക്കാം; എന്റെ കുടുംബത്തിനപ്പുറമുള്ള മനുഷ്യരെ ഞാൻ എത്രമാത്രം കരുതുന്നുണ്ട്, എന്റെ വീട്ടുമുറ്റത്തിനപ്പുറമുള്ള പ്രകൃതിയെ എത്രമാത്രം ഞാൻ സംരക്ഷിക്കുന്നുണ്ട്? ഈശോ തന്റെ അടുത്തുവന്ന എല്ലാ മനുഷ്യരുടെയും സങ്കടങ്ങളും വേദനകളും ഏറ്റെടുക്കുകയും രോഗികളെ സൗഖ്യപ്പെടുത്തുകയും ചെയ്ത് അവരെ സന്തോഷത്തിന്റെ ലോകത്തിലേയ്ക്ക്, ഐശ്വര്യപൂർണ്ണമായ ജീവിതത്തിലേയ്ക്ക് നയിച്ചു. കപടമുഖവുമായി വന്ന ഫരിസേയരോടും നിയമജ്ഞരോടും കപടതനിറഞ്ഞ ജീവിതരീതി അവരെയും മറ്റുള്ളവരെയും തിന്മയിലേയ്ക്ക് നയിക്കും എന്ന് മുന്നറിയിപ്പു നല്കാനും വിമർശിക്കാനും തിരുത്താനും മിശിഹാ മറന്നില്ല.

G-20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ലോകനേതാക്കൾ റോമിൽ എത്തിയപ്പോൾ അവരിൽ പലരും വത്തിക്കാനിൽവന്ന് മാർപാപ്പായെ കണ്ടിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തുകയും മാർപാപ്പയെ അദ്ദേഹം ഇന്ത്യയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. മാർപാപ്പയെ സന്ദർശിച്ചപ്പോൾ പ്രധാനമന്ത്രിക്ക് അദ്ദേഹം കൊടുത്തത് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിലെ 32-ാം അധ്യായത്തിലെ 15-ാം വാക്യം കൊത്തിവച്ച ഒരു ഫലകമായിരുന്നു. അത് ഇങ്ങനെയാണ് "മരുഭൂമി ഒരു പൂന്തോട്ടമാകും" (il deserto diventera` un giardino). ഈ വാക്യത്തോടുകൂടി ഡാനിയേല ഫുസ്കോ എന്ന കലാകാരൻ കൊത്തിയ ആ ഫലകത്തിൽ മുള്ളുകൾ നിറഞ്ഞതും ഉണങ്ങിയതുമായ ഒരു മരച്ചില്ലയിൽനിന്ന് ഫലം പുറപ്പെടുന്ന ഒരു ചിത്രവും ആലേഖനം ചെയ്തിരുന്നു. ഇത് അർത്ഥമാക്കുന്നത് സ്വാർത്ഥതയിൽനിന്ന് ദാനത്തിലേയ്ക്കും യുദ്ധത്തിൽനിന്ന് സമാധാനത്തിലേയ്ക്കും ഉള്ള യാത്രയെയാണ്. ഒരു കാനാൻദേശ സ്വപ്നസാക്ഷാത്കാരത്തിനുള്ള ക്ഷണിക്കൽ.

ഈ മംഗളവാർത്തക്കാലത്ത് നമുക്കും ഈ സന്ദേശം സ്വന്തമാക്കാം. നമ്മുടെ ചുറ്റുപാടിലും ആ ചുറ്റുപാടിൽ വസിക്കുന്നവരിലും സന്തോഷം നിറയ്ക്കാം. വേദനകൾക്കൊണ്ടും കഷ്ടപ്പാടുകൾകൊണ്ടും ദുരിതങ്ങൾകൊണ്ടും ഉണങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതത്തെയും നമ്മുടെ നാടിനെയും സഹജീവികളെയും ഫലം നൽകുന്ന, തണൽ നൽകുന്ന, സുഗന്ധം പകരുന്ന ഇടങ്ങളാക്കി നമുക്കു പുനർനിർമ്മിക്കാം.

പുൽക്കൂട്ടിൽ പിറന്നവന്റെയും ലക്ഷ്യം, ജീവിതത്തിലെയും സമൂഹത്തിലെയും വരൾച്ചയെയും ഉണങ്ങിയ അവസ്ഥകളെയും നീർച്ചാലുകൾകൊണ്ടു നിറച്ച് മുപ്പതും അറുപതും നൂറും മേനികൾ ഫലം തരുന്ന, പച്ചതീർക്കുന്ന പുതിയ പറുദീസ സൃഷ്ടിക്കുക എന്നതു തന്നെയാണ്.

വാങ്ങുന്നതിനെക്കാൾ ഇഷ്ടം കൊടുക്കുന്നതിനും സംസാരിക്കുന്നതിനേക്കാൾ പ്രിയം പ്രവർത്തിക്കുന്നതിനുമാകുമ്പോൾ നമ്മുടെയും അപരന്റെയും ജീവിതം മംഗളവാർത്തയുടെതാകും!




**ഷിനി തെരേസ് മുതുപ്ലാക്കൽ**

"അരുതാത്ത പലതും കാണുന്നു; ജീവിതത്തിൽ ഇതുവരെയും കേൾക്കാത്ത പലതും നടക്കുന്നു... ഇതിനെന്നൊരു അവസാനമുണ്ടാകും?" പൈലിച്ചേട്ടന്റെ നെടുവീർപ്പു കേട്ടുകൊണ്ടാണ് ആന്റപ്പൻ കയറിവന്നത്.

"എന്താ പൈലിച്ചേട്ടാ, കുടുംബത്തിൽ വല്ല കുഴപ്പവുമുണ്ടോ?"

"എന്റെയീ കുടുംബത്തിൽ ഇതുവരെ കുഴപ്പമൊന്നുമില്ല... അത്യാവശ്യം അനുസരണയുള്ള മക്കളാ ആന്റപ്പാ എനിക്കുള്ളത്. പക്ഷേ, എന്തൊക്കെയാ നമ്മള് ടിവിയിലൊക്കെ കാണേണ്ടിവരുന്നത്! കൊച്ചുമക്കള് കാർട്ടൂണും സിനിമയുമൊക്കെ വച്ചോണ്ടിരിക്കുമ്പോൾ ഞാൻ പറയുവായിരുന്നു വല്ല വാർത്താച്ചാനലും വച്ച് കാണ് മക്കളേ എന്ന്. ഇപ്പോ അത് പറയാൻ പറ്റോ? അവർക്കൊക്കെ മാതൃകയാകേണ്ടവര് വിശുദ്ധവസ്ത്രവും ധരിച്ച് എന്തൊക്കെയാ കാട്ടിക്കൂട്ടുന്നത്...? വളർന്നു വരുന്ന പിള്ളേർക്കിതൊക്കെ ഒരു ഉതപ്പാവില്ലേ? 'വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും, അവന് കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്' എന്നല്ലേ തമ്പുരാൻകർത്താവ് പറഞ്ഞിരിക്കുന്നത്?"

"എന്നാ പറയാനാ പൈലിച്ചേട്ടാ... ടോമി കഴിഞ്ഞ ദിവസം പറഞ്ഞു, ഞായറാഴ്ച വേദപാഠക്ലാസ്സിൽ കുട്ടികൾ ഇതേപ്പറ്റി എന്തൊക്കെയോ ചോദിച്ചെന്നും അവന് ഉത്തരംമുട്ടിപ്പോയെന്നുമൊക്കെ. ഒന്നാമതേ നമ്മളിൽ കുറെയേറെപ്പേർക്ക് ശരിയായ വിശ്വാസവുമില്ല, സമുദായബോധവുമില്ല. അക്കൂട്ടത്തിൽ ഇവരൊക്കെ ഇങ്ങനെ കാട്ടിക്കൂട്ടുകകൂടി ചെയ്താൽ എന്തുചെയ്യും? അല്ലെ

ങ്കിൽത്തന്നെ ചാനലുകാരൊക്കെ നോക്കിയിരിക്കുവാ ഒരു ബ്രേക്കിംഗ് ന്യൂസിനുവേണ്ടി. എന്തൊക്കെയാണ് പെരുപ്പിച്ചു കാണിക്കേണ്ടതെന്ന് അവർക്ക് കൃത്യമായി അറിയാം."

"ടോമി വേറൊരു കാര്യവുംകൂടെ പറഞ്ഞായിരുന്നു. അതായത് ഇവരിങ്ങനെ ബഹളം കൂട്ടേണ്ട കാര്യമൊന്നുമില്ലെന്ന്. കാരണം, മുഴുവൻ കുർബാനയും അൾത്താരയിലേക്ക് തിരിഞ്ഞ് ചൊല്ലുന്നതാണത്രേ ശരിയായ രീതി. ഒരു കാലത്ത് ലത്തീൻസഭയിൽപോലും അങ്ങനെയായിരുന്നു. ബനഡിക്റ്റ് മാർപാപ്പ അതിനെക്കുറിച്ചെഴുതിയ പുസ്തകമുണ്ടെന്നാ ടോമി പറഞ്ഞത്. നമ്മുടെ സഭയിൽ പലരും പലതുപോലെയല്ലേ കുർബാനയർപ്പിച്ചുകൊണ്ടിരുന്നത്. അതെല്ലാം കാണാൻ കൊറോണാ ഒരു കാരണവുമായി! ഇപ്പോൾ എല്ലാവരും എല്ലായിടത്തും ഒരുപോലെ കുർബാനയർപ്പിക്കാൻവേണ്ടിമാത്രമാ ആദ്യവും അവസാനവും ജനാഭിമുഖവും ബാക്കി അൾത്താരാഭിമുഖവും ചൊല്ലാൻ പറഞ്ഞിരിക്കുന്നത്. ഇപ്പോളിതാ ഇതും പറഞ്ഞ് ഫ്രാൻസിസ് പാപ്പാ എഴുത്തും എഴുതി. കഴിഞ്ഞുപോയകാലത്ത് നടന്ന സംഭവങ്ങളൊക്കെയാ നമ്മുടെ സഭയിൽ ഇങ്ങനെ വരാൻ കാരണം."

"ചരിത്രവും ശാസ്ത്രവുമൊന്നും എനിക്ക് ശരിക്കറിയില്ല. പക്ഷേ, തമ്പുരാൻ കർത്താവ് പറഞ്ഞിട്ടില്ലേ, അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്ന്. മാർപാപ്പാ പറഞ്ഞതും കർദ്ദിനാളും മെത്രാന്മാരുമൊക്കെ പറഞ്ഞതും തെറ്റാണെങ്കിൽപ്പോലും അവരാവശ്യപ്പെടുന്ന കാര്യം അനുസരിക്കാൻ ഇക്കൂട്ടർക്കു കടമയില്ലേ? അനുസരിക്കുന്നവർക്കു തെറ്റുപറ്റുകേല എന്നാ കാർന്നോന്മാരു പറഞ്ഞുകേട്ടിരിക്കുന്നത്."

"നമുക്കിവിടെയിരുന്ന് പറയാനല്ലേ പറ്റൂ പൈലിച്ചേട്ടാ... ഒരു സാധാരണ ക്രിസ്തീയവിശ്വാസിക്കു ചേരാത്തവിധമുള്ള പ്രതികരണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിനൊക്കെശേഷം 'ഒരുമയോടീബലിയർപ്പിക്കാം' എന്നൊക്കെ പാടി എങ്ങനെയാ കുർബാനയർപ്പിക്കുന്നതെന്നാ എന്റെ സംശയം."

"പാട്ടെന്നു പറഞ്ഞപ്പോഴാ ഓർത്തത്... കൊറോണക്കാലത്ത് കുറേ കുർബാനകൾ ടിവിയിൽ കണ്ടു. അതിൽ ചില സഭക്കാരുടെ കുർബാനയിലെ പ്രാർത്ഥനകളും പാട്ടുകളുമെല്ലാം എല്ലാ സ്ഥലത്തും ഒരേ രീതിയിലാ ചെയ്യുന്നത്. നമ്മുടെ സഭയിലാണെങ്കിൽ പല സ്ഥലത്തെ കുർബാനയ്ക്ക് പലതരം രീതികൾ! എന്നുമാത്രമല്ല, ഒരു പള്ളിയിലെതന്നെ പല കുർബാനയ്ക്ക് പല രീതികൾ...!"

"പൈലിച്ചേട്ടാ, ടോമി അതിനെക്കുറിച്ചും പറഞ്ഞായിരുന്നു. ഓരോ സഭയിലെയും പ്രാർത്ഥനകൾക്ക് ഓരോരോ രീതികളുണ്ട്. 'ആരാധനക്രമമാലാപനം' എന്നാണ് അതിനു പറയുന്നത്. സുറിയാനിഭാഷയിൽനിന്ന് മലയാളത്തിലേക്ക് കുർബാന മാറ്റിയപ്പോൾ നമ്മുടെ ആരാധനക്രമമാലാപനം നഷ്ടപ്പെട്ടു. എന്നാൽ 2017 ൽ നമ്മുടെ കുർബാനയുടെ ഒരു ആരാധനക്രമാലാപനം സീറോ മലബാർ സഭാസിനഡ് അംഗീകരിച്ചിട്ടുണ്ട്. അതുപക്ഷേ അധികംപേർ അറിഞ്ഞിട്ടുമില്ല, അറിഞ്ഞവർ പലർക്കും അതിന്റെ പ്രാധാന്യമൊട്ടു മനസ്സിലാകുന്നുമില്ല എന്നതാണ് സ്ഥിതി."

"ങ്ഹാ... എന്നാവന്നാലും പ്രത്യാശ കൈവെടിയരുതെന്നല്ലേ ഒടേതമ്പുരാൻ പഠിപ്പിച്ചിരിക്കുന്നേ... നമുക്ക് അറിയാവുന്ന പ്രാർത്ഥനയൊക്കെ ചൊല്ലി കാത്തിരിക്കാം, നമ്മുടെ സഭയിലെ പ്രശ്നങ്ങളെല്ലാം തീരാൻവേണ്ടി. ഭൂമിയിൽ സമാധാനവും പ്രത്യാശയും തരാൻവേണ്ടിയാണല്ലോ തമ്പുരാൻ ഭൂമിയിലേക്ക് വന്നത്. എന്റെ കാലത്തുതന്നെ അതു കാണാൻ പറ്റുമോന്നാ എന്റെയൊരു ചിന്ത."

"സഭ ദൈവത്തിന്റേതല്ലേ പൈലിച്ചേട്ടാ... എല്ലാം അവിടുത്തെ പദ്ധതിയനുസരിച്ച്, അവിടുത്തെ സമയത്തുതന്നെ നടക്കും."



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**ജെയ്നമ്മ ചെമ്പനാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

കൃപനിറഞ്ഞവളെ സ്വസ്തി എന്ന മാലാഖയുടെ അഭിവാദനം സ്വീകരിച്ച പരിശുദ്ധ മറിയം: ദൈവത്തിൽനിന്നും നൽകപ്പെട്ട അഭിവാദനത്തെ മറിയം ഹൃദയപൂർവ്വം സ്വീകരിക്കുന്നു. ദൈവത്തോടുകൂടെയായിരുന്നുകൊണ്ട് മറിയം ഇന്നും ആ കൃപകൾ നമുക്കു നല്കുന്നു. അമ്മേ, നിന്നെപ്പോലെ ദൈവത്തിന്റെ നന്മകൾ തിരിച്ചറിയുവാനും ത്രിയേകസ്നേഹവലയത്തിൽ ആയിരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞുകൊണ്ട് മംഗളവാർത്ത സ്വീകരിച്ച പരിശുദ്ധ മറിയം: ദൈവഹിതത്തിന് സ്വയം അടിയറ വച്ച മറിയം 'ദൈവമേ, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' യെന്ന് എപ്പോഴും ആവർത്തിച്ചിരുന്നു. അമ്മേ നിന്നെപ്പോലെ സമ്പൂർണ്ണസമർപ്പണം ചെയ്ത് മറ്റുള്ളവർക്ക് പ്രകാശമായിത്തീരുവാനും ദൈവഹിതത്തിന് മുൻപിൽ ഇതാ ഞാൻ എന്ന് ഏറ്റുപറയുവാനുമുള്ള ധൈര്യം ഞങ്ങൾക്ക് നൽകണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

പ്രതീക്ഷയുടെ വിതക്കാരി എന്ന നാമം വഹിക്കുന്ന പരിശുദ്ധ അമ്മ: ശിഷ്യന്മാരെയും മനുഷ്യകുലം മുഴുവനെയും തന്റെ പുത്രന്റെ ചാരെ ചേർത്തുപിടിച്ചുകൊണ്ട് മറിയം നമുക്ക് എന്നും മാതൃകയാണ്. അമ്മേ നിന്നെപ്പോലെ, ഞങ്ങളുടെ ജീവിതയാത്രയിലുടനീളം പ്രതീക്ഷ നഷ്ടപ്പെടാതെ ഈശോയിൽ ശരണം വച്ച് ജീവിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

ദൈവപുത്രന്റെ അമ്മ എന്ന സ്ഥാനത്തിന് അർഹയായ പരിശുദ്ധ അമ്മ: സവിശേഷവരങ്ങളാൽ നിറയുവാൻ അമ്മ തന്നെത്തന്നെ എളിമപ്പെടുത്തിക്കൊണ്ട് ഈശോയുടെ കണ്ണാടിയായി മാറി. അമ്മേ നിന്നെപ്പോലെ ഞങ്ങളും ഈശോയുടെ പ്രതിച്ഛായയായി തീർന്നുകൊണ്ട് കണ്ടുമുട്ടുന്നവർക്കെല്ലാം ഈശോയുടെ കണ്ണാടിയായി മാറുവാനുള്ള അനുഗ്രഹം നൽകണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

വിശ്വസിച്ചവൾ ഭാഗ്യവതി എന്ന നാമം വഹിക്കുന്ന പരിശുദ്ധ അമ്മ: ദൈവികപുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട ജീവിതത്തിന്റെ ഉടമയായിരുന്നു പരിശുദ്ധ അമ്മ. അമ്മേ, നിന്നെപ്പോലെ ജീവിതക്ലേശങ്ങളുടെ മധ്യേയും അടിപതറാതെ വിശ്വാസമാകുന്ന ആയുധം ധരിച്ചുകൊണ്ട് പുണ്യങ്ങളാൽ വലയം ചെയ്യപ്പെടാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**പ്രാർത്ഥിക്കാം:**

*ഞങ്ങളെ ഓരോരുത്തരെയും നിന്റെ സ്വന്തത്തിലേക്ക് സ്വീകരിച്ച പരിശുദ്ധ അമ്മേ, ഞങ്ങൾ എപ്പോഴും നിന്റെ ചാരെ ചേർന്നു നടക്കേണ്ടതിന് ഞങ്ങൾക്കു കാലിടറുമ്പോൾ കാവലായിരുന്നുകൊണ്ട് പുത്രന്റെ പക്കൽ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ഞങ്ങളിൽ നിന്നും അവിടുത്തെ സ്നേഹാഗ്നി വിട്ടുപിരിയാതിരിക്കട്ടെ. തിരുക്കുടുംബത്തിന്റെ ദിവ്യതേജസ്സാൽ പുണ്യമാക്കപ്പെട്ട ഒരു ജീവിതം ഞങ്ങളിൽ നിറച്ചുകൊണ്ട് ഞങ്ങളുടെ വഴിത്താരകളെ എന്നും വിശുദ്ധമായി കാക്കണമേ. വിശുദ്ധിയുടെ മാതൃകയായ അങ്ങയുടെ വിമലഹൃദയം, വിശുദ്ധിയിലൂടെയുള്ള ഞങ്ങളുടെ യാത്രയ്ക്ക് എന്നും മാർഗദീപമായിത്തീരട്ടെ. ആമ്മേൻ.*



"സ്വഭാവത്താലെ സ്വർഗീയനാണെങ്കിലും,
ഭൗമികനായി തീർന്നവനു സ്തുതി! അവിടുന്ന് ദൈവത്തിന്റെ
ആദ്യജാതനാണെങ്കിലും തന്റെ സ്നേഹത്താൽ മറിയത്തിന്റെ
ആദ്യജാതനായിത്തീർന്നു. അവിടുന്ന് സ്വർഗീയന്റെ
ശിശുവാണെങ്കിലും, പേരിൽ യൗസേപ്പിന്റെ മകനായിത്തീർന്നു.
അവിടുന്ന് തന്റെ സ്വഭാവത്താലേ ദൈവമാണെങ്കിലും സ്വേച്ഛയാ,
മനുഷ്യനായി തീർന്നു. നിന്റെ ഇച്ഛയും നിന്റെ സ്വഭാവവും
മഹനീയമത്രേ! ഞങ്ങളുടെ ഛായ ധരിച്ച നിന്റെ
മഹത്ത്വം വാഴ്ത്തപ്പെട്ടതാകുന്നു."
(മാർ അപ്രേം, മനുഷ്യാവതാര ഗീതങ്ങൾ 23,4)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th November 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"വിജാതീയർക്കു പ്രകാശവും
സകലർക്കും രക്ഷയുമായി ഏകജാതനെ
നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച
ദൈവമേ, മിശിഹാവഴി ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന
കൃപയെപ്രതി ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു.
മിശിഹായുടെ വചനം കേട്ടുകൊണ്ട് നിത്യായുസ്സിൽ
എത്തിച്ചേരുവാൻ ഞങ്ങൾക്കിടയാക്കണമേ.
വഴിയും സത്യവും ജീവനുമായ രക്ഷകനിൽ
കേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ
ഞങ്ങൾക്കിടയാകട്ടെ."
(മംഗളവാർത്തക്കാലം, ശനി-റംശ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal